10
2024
മേയ്
വെള്ളി
മേടം 27

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.181 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-181 | പേജ് 4. വില 2.00 രൂപ

02 ആശങ്ക ഉയർത്തി ജില്ലയിൽ ഡെങ്കിപ്പനി വർധിക്കുന്നു
03 ഹയർസെക്കന്ററി പരീക്ഷ: 78.69% പേർക്ക് ഉപരിപഠന യോഗ്യത
04 സഹോദരൻ കെ പി യോഹന്നാനു വിട

# തെരഞ്ഞെടുപ്പ് പ്രചാരണം മൗലികാവകാശമല്ല; കേജരിവാളിന് ജാമ്യം നൽകരുതെന്ന് ഇഡി

ന്യൂഡൽഹി: മദ്യനയ ക്കേസിൽ അറസ്റ്റിലായി തിഹാർ ജയിലിൽ കഴിയുന്ന ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളിൻറെ ജാമ്യഹ!ർജി എതിർത്ത് ഇഡി. കേജരിവാളിൻറെ ഇടക്കാല ജാമ്യഹ!ർജിയിൽ സുപ്രീം കോടതി നാളെ വിധി പറയാനിരിക്കെയാണ് പുതിയ നീക്കവുമായി ഇഡി രംഗത്തുവന്നത്.

കേജരിവാളിന് ഇടക്കാല ജാമ്യം നൽകരുതെന്ന ആവശ്യമുന്നയിച്ചുകൊണ്ട് ഇഡി സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. തെരഞ്ഞെടുപ്പ് പ്രചാരണം നടത്തണമെന്നതിൻറെ പേരിൽ കേജരിവാളിന് ജാമ്യം നൽകരുതെന്നും ഇഡി ആവശ്യപ്പെട്ടിട്ടുണ്ട്.

തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുക എന്നത് മൗലികാവകാശമല്ല, കേജരിവാൾ സ്ഥാനാർഥിയല്ലെന്നും ഇഡിയുടെ സത്യവാങ്മൂലത്തിൽ പറയുന്നു. തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ജാമ്യം നൽകുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും.

തെരഞ്ഞെടുപ്പിൻറെ പേരിൽ അന്വേഷണത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാഹചര്യമൊരുക്കുമെന്നും രാഷ്ട്രീയ നേതാക്കൾക്ക് കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ വഴിയൊരുക്കുമെന്നും ഇഡി പറയുന്നു.

ജസ്റ്റീസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ചാകും കേജരിവാളിൻറെ ഇടക്കാല ജാമ്യം സംബന്ധിച്ച ഉത്തരവ് ഇറക്കുക.




ഈ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷാ ഫല പ്രഖ്യാപനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു.




# വിഴിഞ്ഞം തുറമുഖത്ത് കൊളംബോയിൽനിന്ന് കൂറ്റൻ ടഗ്ഗ് എത്തി; ഡ്രെഡ്ജറുമായി വെള്ളിയാഴ്ച യാത്രതിരിക്കും

തിരുവനന്തപുരം: വിഴിഞ്ഞം തുറമുഖത്തുനിന്ന് ആദ്യമായി കൊളംബോ തുറമുഖത്തേക്ക് യാനങ്ങളെ കൊണ്ടുപോകാനായി കൂറ്റൻ ടഗ്ഗ് എത്തി. മഹാവേവ എന്ന ടഗ്ഗാണ് കൊളംബോയിലെ ട്രിങ്കോമാലി തുറമുഖത്തുനിന്ന് വിഴിഞ്ഞത്തെ പഴയ വാർഫിൽ വ്യാഴാഴ്ച വൈകീട്ടോടെ എത്തിയത്.

അദാനി തുറമുഖ കമ്പനി നടത്തുന്ന ഷിപ്പിങ് ജോലികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ശാന്തി സാഗർ എന്ന ഡ്രെഡ്ജർ, ജലാശ്വ5 എന്ന ടഗ്ഗ് എന്നിവയെ കൊളംബോയിലെ ട്രിങ്കോമാലി തുറമുഖത്തേക്ക് കൊണ്ടുപോകുന്നതിനാണ് കൂറ്റൻ ടഗ്ഗ് എത്തിയത്.

രാജ്യം വിടുന്നതിന് മുൻപായി ഈ രണ്ട് യാനങ്ങളും സാനിറ്റേഷൻ കൺട്രോൾ എക്സംപ്ഷൻ സർട്ടിഫിക്കറ്റ്, മെഡിക്കൽ ചെസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനായി ശുചീകരണ പ്രവർത്തനങ്ങൾ കഴിഞ്ഞയാഴ്ച പൂർത്തിയാക്കിയിരുന്നു.

വിഴിഞ്ഞത്തെ പഴയ വാർഫിലെത്തിച്ച ടഗ്ഗിന്റെ ഇമിഗ്രേഷൻ, കസ്റ്റംസ് അടക്കമുള്ള പരിശോധനകൾ വാട്ടർ ലൈൻ ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക് ഏജൻസി എം.ഡി. മനോജ് നായരുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. 14 ശ്രീലങ്കൻ പൗരൻമാരാണ് ടഗ്ഗിലുള്ളത്.

വെള്ളിയാഴ്ച രാവിലെ 11ഓടെ ശാന്തി സാഗർ എന്ന ഡ്രെഡ്ജറിനെയാവും ആദ്യം കൊണ്ടുപോകുക. അടുത്തയാഴ്ച വീണ്ടുമെത്തിയശേഷം ജലാശ്വ5 എന്ന ടഗ്ഗിനെയും കൊണ്ടുപോകുമെന്ന് മാരിടൈം ബോർഡിന്റെ വിഴിഞ്ഞം പർസർ വിനുലാൽ പറഞ്ഞു.

ഡ്രെഡ്ജറിനെ ടഗ്ഗിൽ കൂറ്റൻ റോപ്പുപയോഗിച്ച് കെട്ടിവലിച്ചാണ് കൊണ്ടുപോകുക. ഇതിനായി ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിങ്ങിന്റെ നേതൃത്വത്തിൽ ടോയിങ് പരിശോധന നടത്തും. തുടർന്ന് ഉച്ചയോടെ ടഗ്ഗ് ഡ്രെഡ്ജറുമായി കൊളംബോയിലേക്ക് പോകും. ഒന്നര ദിവസത്തെ യാത്രയ്ക്കുശേഷമാകും ടഗ്ഗ് കൊളംബോയിലെ ട്രിങ്കോമാലിയിൽ എത്തുക.

# ഇറാൻ പിടിച്ചെടുത്ത കപ്പലിലെ ഏഴ് ജീവനക്കാരെ കൂടി മോചിപ്പിച്ചു

## അഞ്ചുപേർ ഇന്ത്യക്കാർ

ന്യൂഡൽഹി: ഇറാൻ പിടിച്ചെടുത്ത ചരക്കുകപ്പലിലെ അഞ്ച് ഇന്ത്യക്കാരടക്കം ഏഴു ജീവനക്കാരെകൂടി മോചിപ്പിച്ചു. ഇറാനിലെ ഇന്ത്യൻ എംബസി മോചനം സ്ഥിരീകരിച്ചു. വ്യാഴാഴ്ച വൈകീട്ടോടെ ഇവർ ഇറാനിൽനിന്നും പുറപ്പെട്ടെന്നാണ് വിവരം. എന്നാൽ അഞ്ചുപേരുടെ പേരുവിവരം ഇറാനോ ഇന്ത്യൻ എംബസിയോ പുറത്തുവിട്ടിട്ടില്ല.

എം.എസ്.സി. ഏരീസ് എന്ന കപ്പിലിൽ ഉണ്ടായിരുന്ന 25 ജീവനക്കാരിൽ 17 പേർ ഇന്ത്യക്കാർ ആയിരുന്നു. ഇതിൽ നാലുപേർ മലയാളികളാണ്. കപ്പലിലെ ഏക വനിതാ ജീവനക്കാരിയായ തൃശ്ശൂർ സ്വദേശി ഡെക്ക് കേഡറ്റ് ആൻ ടെസ ജോസഫിനെ നേരത്തേ വിട്ടയച്ചിരുന്നു. മറ്റുള്ളവരെ വിട്ടയക്കുന്നതിൽ ഇറാന് എതിർപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ എം.എസ്.സി. ഏരീസുമായിട്ടുള്ള കരാർ സംബന്ധമായ കാര്യങ്ങൾ പരി?ഗണിച്ചാവും ഇവർക്കുള്ള മോചനം എന്ന് ഇന്ത്യൻ എംബസി അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചു പേരെ ഇപ്പോൾ മോചിപ്പിച്ചത്.

ബാക്കിയുള്ളവരെ വരും ദിവസങ്ങളിൽ മോചിപ്പിക്കും എന്നാണ് അറിയുന്നത്. അതിനായുള്ള ചർച്ചകൾ നയതന്ത്രതലത്തിൽ തുടരുകയാണ്. കോഴിക്കോട് വെള്ളിപറമ്പ് സ്വദേശി ശ്യാംനാഥ്, പാലക്കാട് കേരളശ്ശേരി സ്വദേശി സുമേഷ്, മാനന്തവാടി കാട്ടിക്കുളം സ്വദേശി പി.വി. ധനേഷ് എന്നിവരാണ് കപ്പലിലെ മറ്റു മലയാളികൾ.

ഏപ്രിൽ 13ന് പുലർച്ചെ രണ്ടുമണിയോടെയാണ് ഒമാൻ ഉൾക്കടലിന് സമീപം ഹോർമൂസ് കടലിടുക്കിൽ ഇസ്രയേൽ ബന്ധമുള്ള കപ്പൽ ഇറാൻ പിടിച്ചെടുത്തത്. ഇസ്രയേൽ ശതകോടീശ്വരനായ ഇയാൽ ഓഫറിന്റെ ഉടമസ്ഥതയിലുള്ള സൊഡിയാക് മാരിടൈം കമ്പനിയുടെതേണ് കപ്പൽ. ഇറ്റാലിയൻസ്വീസ് കമ്പനിയായ എം.എസ്.സി.യാണ് കപ്പലിന്റെ നടത്തിപ്പ്.

# മുക്കുപണ്ടം പണയം വെച്ച് തട്ടിപ്പ് നടത്തുന്ന സംഘത്തെ പിടികൂടി

കോഴിക്കോട്: മുക്കുപണ്ടം പണയം വെച്ച് തട്ടിപ്പ് നടത്തുന്ന സംഘം പിടിയിൽ. കോഴിക്കോട് കൂത്താളി ആയിഷ മനസിൽ അബ്ദുള്ള മനാഫ് (26), കണ്ണൂർ പള്ളിക്കുന്ന് ലിജാസ് ഹൗസിൽ ലിജാ ജയൻ (27) എന്നിവരെയാണ് കൊയിലാണ്ടി പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞദിവസം കൊയിലാണ്ടി സരയു ഗോൾഡ് ലോൺ എന്ന സ്ഥാപനത്തിൽ മുക്കുപണ്ടം പണയം വെച്ച് ഒരു ലക്ഷത്തി മുപ്പതിനായിരം രൂപ തട്ടിപ്പ് നടത്തിയ കേസിലാണ് ഇവരെ പിടികൂടിയത്.

വ്യാഴാഴ്ച നടുവിലെക്കണ്ടി ഗോൾഡ് എന്ന സ്ഥാപനത്തിൽ സമാനമായ രീതിയിൽ തട്ടിപ്പ് നടത്തുന്നതിനിടയിലാണ് ഇവർ പിടിയിലായത്. കൊയിലാണ്ടി പോലീസിന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് സി.ഐ. മെൽവിൻ ജോസിന്റെ നേതൃത്വത്തിൽ എസ്.ഐ. പ്രദീപ് കുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ സതീഷ് കുമാർ, ദിലീപ്, സിനു രാജ്, ദിവ്യ എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

കാട്ടിലെപീടികയിലെ സ്വകാര്യ പണമിടപാട് സ്ഥാപനത്തിലും കോഴിക്കോട് ടൗണിലെ അഞ്ച് സ്ഥാപനങ്ങളിലും സമാന രീതിയിൽ തട്ടിപ്പ് നടത്തിയതായി ചോദ്യം ചെയ്യലിനിടെ പ്രതികൾ കുറ്റസമ്മതം നടത്തിയെന്ന് പോലീസ് പറഞ്ഞു. ലക്ഷങ്ങളുടെ ഇടപാടാണ് ഇവർ നടത്തുന്നത്.

# തിരുവനന്തപുരത്ത് നാളെ മുതൽ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ തിരുവനന്തപുരത്തെ ആൽത്തറ തൈക്കാട് റോഡ് വെള്ളിയാഴ്ച രാത്രി 10 മുതൽ മേയ് 13 രാവിലെ ആറു വരെ അടച്ചിടും.

റോഡ് നിർമാണവുമായി ബന്ധപ്പെട്ട് വഴുതക്കാട് സാനഡു റോഡിലും സാനഡു ജംഗ്ഷനിലും വാഹന ഗതാഗതം പൂർണമായും വിലക്കും.

ബേക്കറി ജംഗ്ഷൻ ഭാഗത്ത് നിന്നും സാനഡു ഭാഗത്തേയ്ക്കും, വഴുതക്കാട് ഭാഗത്ത് നിന്നും സാനഡു ഭാഗത്തേയ്ക്കും, ഡാണാമുക്ക്, ഗസ്റ്റ് ഹൗസ് ഭാഗങ്ങളിൽ നിന്നും സാനഡു ഭാഗത്തേയ്ക്കും ഡിപിഐ ഭാഗത്ത് നിന്നും സാനഡു ഭാഗത്തേയ്ക്കും വാഹനം കടത്തിവിടില്ല.

വെള്ളയമ്പലം ഭാഗത്ത് നിന്നും ശ്രീമൂലം ക്ലബ്, വഴുതക്കാട് ഭാഗത്തേയ്ക്കും കെൽട്രോൺ, മാനവീയം, ആൽത്തറ ഭാഗത്തേയ്ക്കും വാഹന ഗതാഗതം അനുവദിക്കില്ല. ശ്രീമൂലം ക്ലബ് ഭാഗത്ത് നിന്നും ആൽത്തറ വെള്ളയമ്പലം ഭാഗത്തേയ്ക്ക് മാത്രമേ വാഹന ഗതാഗതം അനുവദിക്കുള്ളൂ.

മേട്ടുക്കട ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ആൽത്തറ തൈക്കാട് റോഡ് ഒഴിവാക്കി വെള്ളയമ്പലം, പാളയം, പനവിള, മോഡൽ സ്കൂൾ വഴി പോകണം.

തിരുമലപൂജപ്പുര ഭാഗത്ത് നിന്നും വരുന്ന കെഎസ്ആർടിസി ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ തിരുമല പള്ളിമുക്കിൽ നിന്നും തിരിഞ്ഞ് പാങ്ങോട്, ഇടപ്പഴിഞ്ഞി, ശ്രീമൂലം ക്ലബ്, ആൽത്തറ, കെൽട്രോൺ, മ്യൂസിയം, പാളയം വഴി പോകണം.

പൂജപ്പുര, ഇടപ്പഴിഞ്ഞി ഭാഗത്ത് നിന്നും തമ്പാനൂർ, പാളയം ഭാഗത്തേക്ക് പോകേണ്ട ചെറിയ വാഹനങ്ങൾ ജഗതി, ഡിപിഐ, ഡാണാമുക്ക്, ഗസ്റ്റ് ഹൗസ്, സംഗീത കോളജ്, മോഡൽ സ്കൂൾ വഴി പോകണം.

ജഗതി ഭാഗത്ത് നിന്നും ശാസ്തമംഗലം വെള്ളയമ്പലം, പട്ടം ഭാഗങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ജഗതി, ഇടപ്പഴിഞ്ഞി, കൊച്ചാർ റോഡ്, ശാസ്തമംഗലം, വെള്ളയമ്പലം വഴി പോകണം.

വെള്ളയമ്പലം ഭാഗത്ത് നിന്നും ജഗതി, പൂജപ്പുര ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ വെള്ളയമ്പലം, ശാസ്തമംഗലം, കൊച്ചാർ റോഡ്, ഇടപ്പഴിഞ്ഞി വഴി പോകേണ്ടതാണ്.

വഴുതക്കാട്, ശ്രീമൂലം ക്ലബ്, ആൽത്തറ, ടാഗോർ തീയറ്റർ, തുടങ്ങിയ ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ റിസർബ് ബാങ്ക്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട് വഴി പോകണം.

# കോവിഷീൽഡ് പിൻവലിച്ചതായി റിപ്പോർട്ട്

ലണ്ടൻ: കോവിഡ് 19 വാക്സിനായ കോവിഷീൽഡ് ആ?ഗോളതലത്തിൽ പിൻവലിച്ച് നിർമാതാക്കളായ ആസ്ട്രസെനക്ക. 'ദ ടെലഗ്രാഫ് ' ആണ് ഇക്കാര്യം റിപ്പോർട്ടുചെയ്തത്. കോവിഷീൽഡ് വാക്സിന്റെ പാർശ്വഫലങ്ങളേക്കുറിച്ച് തുറന്നുപറഞ്ഞ് നിർമാതാക്കളായ ആസ്ട്രസെനക്ക രം?ഗത്തെത്തിയത് വാർത്തയായിരുന്നു. ഇതിനുപിന്നാലെയാണ് കമ്പനിയുടെ നീക്കം. എന്നാൽ, വാണിജ്യപരമായ കാരണങ്ങളാണ് തീരുമാനത്തിനു പിന്നിലെന്ന് കമ്പനി അറിയിച്ചതായി ദ ടെലഗ്രാഫിന്റെ റിപ്പോർട്ടിൽ പറയുന്നു.

കോവിഡ് 19നുള്ള വാക്സിനുകളുടെ ലഭ്യത അധികമാണെന്നും പുതിയ വകഭേദങ്ങളെ പ്രതിരോധിക്കാൻ കഴിവുള്ള നവീകരിച്ച വാക്സിനുകൾ കോവിഷീൽഡിനെ അപ്രസക്തമാക്കിയെന്നും കമ്പനി വിശദീകരിക്കുന്നു.

യു.കെ. ഹൈക്കോടതിക്ക് മുമ്പാകെയെത്തിയ പരാതിക്ക് മറുപടിയായാണ് കോവിഷീൽഡ് വാക്സിൻ അപൂർവ സാഹചര്യങ്ങളിൽ രക്തം കട്ടപിടിക്കുന്നതിനും പ്ലേറ്റ്ലേറ്റ് കൗണ്ട് കുറയുന്നതിനും കാരണമാകുമെന്ന് കമ്പനി അറിയിച്ചത്. കോവിഷീൽഡിന് പാർശ്വഫലമുണ്ടെന്ന് ആദ്യമായാണ് കമ്പനി സമ്മതിച്ചത്. കോവിഷീൽഡ്, വാക്സ്സെവ്റിയ തുടങ്ങിയ പല ബ്രാൻഡ് നാമങ്ങളിൽ ആഗോളതലത്തിൽ ഉപയോഗിച്ച വാക്സിനാണിത്. ഓക്സ്ഫഡ് സർവകലാശാലയുമായിച്ചേർന്ന് ആസ്ട്രസെനക്ക വികസിപ്പിച്ച വാക്സിൻ, സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയാണ് കോവിഷീൽഡ് എന്ന പേരിൽ നിർമിച്ചത്.വാക്സിൻ സ്വീകരിച്ചവരിൽ ഗുരുതരമായ പാർശ്വഫലങ്ങളും മരണവുംവരെയുണ്ടായതായി പരാതി ഉയർന്നിരുന്നു. ഒട്ടേറെ കുടുംബങ്ങൾ ആസ്ട്രസെനക്കയ്ക്കെതിരേ കോടതിയിലും പോയി. വാക്സിൻ സ്വീകരിച്ചശേഷം മതിഷ്കത്തിന് സ്ഥിരമായ തകരാറുണ്ടായി എന്നു പറഞ്ഞ് 2021 ഏപ്രിലിൽ ജെയ്മി സ്കോട്ട് എന്നയാളാണ് കേസിനു തുടക്കമിട്ടത്.രക്തം കട്ടപിടിക്കുകയും പ്ലേറ്റ്ലറ്റ് കുറയുകയും ചെയ്യുന്ന ത്രോംബോസിസ് വിത്ത് ത്രോംബോസൈറ്റോപീനിയ സിൻഡ്രോമാണ് (ടി.ടി.എസ്.) അദ്ദേഹത്തെ ബാധിച്ചത്. അപൂർവം സന്ദർഭങ്ങളിൽ കോവിഷീൽഡ് ടി.ടി.എസിനും ഇടയാക്കുമെന്ന് ബ്രിട്ടനിലെ ഹൈക്കോടതിയിൽ നൽകിയ രേഖകളിൽ ആസ്ട്രസെനക്ക സമ്മതിച്ചു.

# കെഎസ്ആർടിസി ബസ് തടഞ്ഞ് യുവാവിൻെറ പരാക്രമം; കൈക്കുഞ്ഞിനു പരിക്ക്

കുമളി: കുമളിയിൽ കെഎസ് ആർടിസി ബസിനു മുന്നിൽ ബൈക്കിലെത്തിയ യുവാവിൻറെ പരാക്രമം.യുവാവിനെ രക്ഷിക്കാൻ ബസ് ബ്രേക്കിട്ടപ്പോൾ യാത്ര കാരിയായ അമ്മയുടെ മടിയിലിരുന്ന കുട്ടിയുടെ തല സീറ്റിൻറെ കന്പിയിലിടിച്ച് പരിക്ക്.

തിങ്കളാഴ്ച വൈകുന്നേരം അഞ്ചരയോടെ കുമളിക്ക് സമീപം കൊല്ലംപട്ടടയിലാണ് സംഭവത്തിന് തുടക്കം. റോഡിന് നടുവിൽ ബൈക്കിൽ കാർ യാത്രികരുമായി സല്ലപിച്ച് നിന്ന മൂന്ന് യുവാക്കളെ ബസ് മറികടന്നതാണ് പ്രകോപനത്തിന് കാരണം. രാവിലെ 4.40ന് കൊല്ലത്ത് നിന്ന് കുമളിക്ക് പുറപ്പെട്ടതായിരുന്നു ബസ്. കുമളി ഹോളിഡേ ഹോമിന് സമീപം ബൈക്കിൽ പാഞ്ഞെത്തിയ യുവാവ് ബസ് തടയുകയായിരുന്നു.അപ്രതീക്ഷിതമായി ബൈക്ക് മുന്നിലെത്തിയപ്പോൾ ബസ് ഡ്രൈവർ ബ്രേക്കിട്ടപ്പോഴാണ് കുട്ടിയുടെ തല കന്പിയിലിടിച്ചത്. ബസിൽ നിറയെ യാത്രക്കാരും ഉണ്ടായിരുന്നു. ഇവർക്കും സമാനമായ പരിക്കുകൾ ഉണ്ടായി. ഡ്രൈവറേയും കണ്ടക്ടറേയും അസഭ്യം പറഞ്ഞ് ശേഷം ബസ് സ്റ്റാൻഡ് വരെ ബസിന് മുന്നിൽ യാത്ര തടസപ്പെടുത്തി യുവാവ് പരാക്രമം കാട്ടി.കണ്ടക്ടർ മൊബൈലിൽ പകർത്തിയ ദൃശ്യത്തിൽ കുട്ടിയുടെ കരച്ചിലും കുട്ടിയെ യാത്രക്കാർ ആശ്വസിപ്പിക്കുന്നതും കേൾക്കാം. ഹെൽമെറ്റ് ധരിക്കാതെയുള്ള യുവാവിൻറെ പരാക്രമം പോലീസിൻറെയടക്കം സി.സി.ടി.വി കളിൽ പതിഞ്ഞിട്ടുണ്ട്. ഡ്രൈവറേയും കണ്ടക്ടറേയും ബസ് സ്റ്റാൻഡിൽ വച്ച് പിന്നാലെയെത്തിയ യുവാക്കൾ കൈയേറ്റം ചെയ്യാൻ ശ്രമിച്ചെങ്കിലും സ്വകാര്യ ബസ് ജീവനക്കാർ ഇടപെട്ടതോടെയാണ് യുവാക്കൾ പിൻമാറിയത്. കെഎസ്ആർടിസി ജീവനക്കാർ പോലീസിൽ പരാതി നല്കി. കേസ് ഒത്തുതീർക്കാനുള്ള ശ്രമവും ഊർജിതമാണ്.

# ഭാര്യയെയും സുഹൃത്തിനെയും ബൈക്കിലെത്തി ഇടിച്ചുവീഴ്ത്തിയ ഭർത്താവ് അറസ്റ്റിൽ

ഹരിപ്പാട്: സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ഭാര്യയെയും സുഹൃത്തിനെയും ബൈക്കിലെത്തിയ ഭർത്താവ് ഇടിച്ചു വീഴ്ത്തി. ഭർത്താവ് അറസ്റ്റിൽ.

ആറാട്ടുപുഴ റിയാസ് മൻസിൽ ഷാജഹാൻ (33) ആണ് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ഇയാളുടെ ഭാര്യ മുട്ടം താഴ്ചയിൽ നൗഫിയ (28), ഇവരുടെ സുഹൃത്ത് ഏവൂർ വടക്ക് കാങ്കാലിൽ ശിൽപ (19) എന്നിവരെ ബൈക്കിൽ എത്തി ഇടിച്ചുവീഴ്ത്തിയത്. അപകടത്തിൽ പരിക്കേറ്റ നൗഫിയയും ശിൽപ്പയും ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ചികിത്സതേടി. ഞായറാഴ്ച്ച ഉച്ചയ്ക്ക് രണ്ടിന് ഏവൂർ ദേശബിന്ധു വായനശാലയ്ക്കു സമീപമായിരുന്നു സംഭവം.

**സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നതിങ്ങനെ.**

നൗഫിയയും ഭർത്താവ് ഷാജഹാനും ഒരു വർഷമായി പിണങ്ങിക്കഴിയുകയാണ്. വിവാഹമോചനത്തിനായി കുടുംബക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്.

മുട്ടത്ത് ബ്യൂട്ടിപാർലർ നടത്തുകയാണ് നൗഫിയ. സുഹൃത്തായ ശിൽപ്പയുമായി ഏവൂരിൽ ബ്യൂട്ടീഷൻ ജോലി കഴിഞ്ഞ് തിരിച്ചു സ്കൂട്ടറിൽ വരുന്നതിനിടയിൽ ബൈക്കിൽ എത്തിയ ഷാജഹാൻ ഇവർ സഞ്ചരിച്ച സ്കൂട്ടറിൽ ഇടിച്ചു. സ്കൂട്ടർ മറിയാതിരുന്നതിനെതുടർന്ന് ഇയാൾ സ്കൂട്ടറിൽ ചവിട്ടി വീഴ്ത്തുകയായിരുന്നു. ശിൽപ്പയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഷാജഹാനെതിരേ 308 വകുപ്പ് ചുമത്തി കേസെടുത്തതായി പോലീസ് അറിയിച്ചു.

കരിയിലക്കുളങ്ങര എസ് എച്ച്ഒ സുനീഷ്.എൻ, എസ് ഐ ബജിത്ത് ലാൽ, എഎസ്ഐ പ്രദീപ്, വനിത സിപിഒ അനി എന്നിവരുടെ സംഘമാണ് പ്രതിയെ പിടികൂടിയത്.

# ആശങ്ക ഉയർത്തി ജില്ലയിൽ ഡെങ്കിപ്പനി വർധിക്കുന്നു

കൊച്ചി: ആശങ്ക പടർത്തി ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം വർധിക്കുന്നു. കഴിഞ്ഞ ഒരാഴ്ചക്കിടെ കൊച്ചി നഗരത്തിലുൾപ്പെടെ ജില്ലയുടെ വിവിധയിടങ്ങളിലായി 48 പേർക്കാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിനുപുറമേ എലിപ്പനി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, മലേറിയ എന്നീ പകർച്ച വ്യാധികളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പനി പടരുന്ന സാഹചര്യത്തിൽ ആവശ്യമായ മുൻ കരുതൽ സ്വീകരിക്കണമെന്ന് ആരോഗ്യവിഭാഗം മുന്നറിയിപ്പ് നൽകുന്നു.

ചിക്കൻപോക്സ്45, മഞ്ഞപ്പിത്തം34, എലിപ്പനി 7, മലേറിയ4 എന്നിങ്ങനെയാണ് മറ്റ് പനി കണക്കുകൾ. കളമശേരി, പൊന്നുരുന്നി, ചൂർണിക്കര, തമ്മനം, കുട്ടമ്പുഴ, പല്ലാരിമംഗലം, തേവര, പിറവം, കീഴ്മാട്, അയ്യമ്പുഴ, പിഴല, കലൂർ, മുളവുകാട്, മുനമ്പം, ഗോതുരുത്ത്, കൂനമ്മാവ്, വെണ്ണല, വരാപ്പുഴ, വെങ്ങോല, ബിനാനിപുരം, ചെറുവട്ടൂർ, മട്ടാഞ്ചേരി തുടങ്ങിയ പ്രദേശങ്ങളിലാണ് ഡെങ്കിപ്പനി കേസുകൾ അധികവും. അതേസമയം പനി പടരുന്ന സാഹചര്യത്തിലും നഗരത്തിലടക്കം ഫോഗിംഗ് ഉൾപ്പെടെയുള്ള നടപടികൾ അവതാളത്തിലാണ്.ഇതോടെ കൊതുകിൻറെ ശല്യവും രൂക്ഷമാണ്. ഇടവിട്ടു പെയ്യുന്ന മഴയിൽ വെള്ളം കെട്ടിനിൽക്കുന്നതാണ് ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകൾ പെറ്റുപെരുകാൻ കാരണം. മാലിന്യവും വെള്ളവും കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ആരോഗ്യ വിഭഗം മുന്നറിയിപ്പ് നൽകുന്നു. രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ സ്വയം ചികിത്സ ചെയ്യാതെ ആരോഗ്യ പ്രവർത്തകരെ വിവരമറിയിക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടുകയും വേണം.

തൃക്കാക്കര, വാഴക്കുളം, കടയിരുപ്പ്, മഞ്ഞപ്ര എന്നീ പ്രദേശങ്ങളിലാണ് മലേറിയ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മണീട്, ആലുവ, വേങ്ങൂർ, മൂക്കന്നൂർ, രായമംഗലം, എടവനക്കാട് എന്നിവിടങ്ങളിലാണ് എലിപ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

# പോലീസ് ഉദ്യോഗസ്ഥരുടെ മാനസികാരോഗ്യം: സപ്പോർട്ടിംഗ് കമ്മിറ്റിയിൽ പോലീസുകാർ അഞ്ചുപേർ മാത്രം

കൊച്ചി: പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യം, ജോലി, കുടുംബം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നൽകുന്നതിനായി എറണാകുളം റൂറൽ പോലീസ് രൂപീകരിച്ച സപ്പോർട്ടിംഗ് കമ്മിറ്റിയിൽ പോലീസുകാർ നാമമാത്രമെന്ന് ആക്ഷേപം. റൂറൽ ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേനയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച 16 അംഗ കമ്മിറ്റിയിൽ 11 മിനിസ്റ്റീരിയൽ സ്റ്റാഫുകളാണ് ഉള്ളത്. പോലീസ് ഉദ്യോഗസ്ഥരാകട്ടെ വെറും അഞ്ചുപേർ മാത്രം.

പോലീസ് സേനയിലെ മിനിസ്റ്റിരീയിൽ സ്റ്റാഫിന് പോലീസുകാർ അനുഭവിക്കുന്ന മാനസിക സംഘർഷത്തെക്കുറിച്ച് എന്തറിയാമെന്നാണ് സേനയിലെ ഒരു വിഭാഗം ആരോപിക്കുന്നത്. പോലീസുകാർക്കിടയിൽ വർധിച്ചുവരുന്ന ആത്മഹത്യയ്ക്കും ജോലിയിൽ നിന്നുള്ള ഒളിച്ചോട്ടത്തിനും പരിഹാരമായി അവരുടെ ആരോഗ്യം, ജോലി, കുടുംബം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സപ്പോർട്ടിംഗ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.

കമ്മിറ്റിയിൽ ചെയർമാനായി ഒരു അഡീഷണൽ എസ്പിയും മെമ്പർമാരായി ഒരു സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പിയും സ്പെഷൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടറും സിപിഒയും ഗ്രേഡ് സീനിയർ സിപിഒയും മാത്രമാണ് ഉള്ളത്. മറ്റ് മെമ്പർമാരായി രണ്ട് ജൂണിയർ സൂപ്രണ്ടുമാർ, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്, മൂന്ന് സീനിയർ ക്ലർക്കുമാർ, രണ്ട് ക്ലർക്കുമാർ എന്നിങ്ങനെ മിനിസ്റ്റീരിയൽ അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.അതേസമയം അമിത ജോലിഭാരവും ജോലി സമ്മർദവും മൂലം മുൻ വർഷങ്ങളിൽ ആത്മഹത്യയിൽ അഭയം തേടിയവരിൽ ഏറെയും സിവിൽ പോലീസ് ഓഫീസർമാരായിരുന്നു. കമ്മിറ്റിയിൽ കോൺസ്റ്റാബുലറി വിഭാഗത്തിൽ നിന്ന് രണ്ടുപേരെ മാത്രം ഉൾപ്പെടുത്തിയതിനോട് യോജിക്കാനാകില്ലെന്നാണ് പോലീസ് ഉദ്യോഗസ്ഥർ പറയുന്നത്. രാവിലെ 10 മുതൽ അഞ്ചുവരെ ജോലി ചെയ്യുന്ന, ആവശ്യത്തിന് അവധി ലഭിക്കുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിൻറെ ഇടപെടൽ മാനസിക സംഘർഷം കൂട്ടാനെ ഇടയാക്കു എന്നും ആക്ഷേപമുണ്ട്. കൃത്യ സമയത്ത് ശമ്പളമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ ഒരു പോലീസുകാരനും ഇതുവരെ ആത്മഹത്യ ചെയ്തിട്ടില്ലെന്നാണ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പറയുന്നത്.

പോലീസ് ഉദ്യോഗസ്ഥർ ജോലി സ്ഥലങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന മാനസിക സമ്മർദങ്ങളെ അതിജീവിക്കുന്നതിന് അവർക്കാവശ്യമായ മാനസിക പിന്തുണ നൽകുക, ജോലിയുടെ ഭാഗമായി ശിക്ഷണ നടപടി നേരിടേണ്ടിവരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ആശങ്കങ്ങൾ പരിഹരിക്കുകയും അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കണമെന്ന് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിലുണ്ട്.

# ചെസ് ഫെഡറേഷൻ 65 കോടിയുടെ പദ്ധതി എല്ലാ വീട്ടിലും ചെസ്

കൊച്ചി: രാജ്യത്ത് ചെസ് പ്രോത്സാഹിപ്പിക്കാൻ 65 കോടി രൂപയുടെ ബജറ്റ് പ്രഖ്യാപിച്ച് ഓൾ ഇന്ത്യ ചെസ് ഫെഡറേഷൻ (എ ഐ സി എഫ്). എല്ലാ വീട്ടിലും ചെസ് എത്തിക്കുക എന്നതാണ് ലക്ഷ്യം. തുടക്കക്കാർ മുതൽ പ്രൊഫഷണൽ കളിക്കാർ വരെയുള്ളവർക്ക് സാമ്പത്തികമായും അക്കാദമികവുമായ സഹായങ്ങൾ നൽകും. കൂടാതെ ദേശീയതലത്തിൽ എഐസിഎഫ് പ്രോ, എഐസിഎഫ് പോപ്പുലർ എന്നീ പരിപാടികളും സംഘടിപ്പിക്കും. ജനറൽബോഡി യോഗത്തിന് ശേഷം, ഫെഡറേഷൻ പ്രസിഡന്റ് നിതിൻ നാരംഗ് ആണ് പ്രഖ്യാപനം നടത്തിയത്.

കളിക്കാർക്കും പരിശീലകർക്കും പിന്തുണ നൽകുന്നതിനായി പ്രത്യേക ചെസ് ഡെവലപ്മെന്റ് ഫണ്ട്, ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള അസോസിയേഷനുകൾക്ക് ധനസഹായം, മുൻനിര ചെസ് താരങ്ങൾക്കായി നാഷണൽ ചെസ് അരിന (എൻ സി എ), ഇന്ത്യൻ കളിക്കാർക്കായി പ്രത്യേക റേറ്റിംഗ് സിസ്റ്റം (എ ഐ സി എഫ്) എന്നിവയാണ് മറ്റ് പദ്ധതികൾ. ഇവ വരുംവർഷങ്ങളിൽ നടപ്പിലാക്കാനാണ് തീരുമാനം.

കഴിവുള്ള താരങ്ങളാണ് രാജ്യത്തെ ചതുരംഗ വേദിയിലെ ഏറ്റവും സുപ്രധാനഘടകമെന്ന് എഐസിഎഫ് പ്രസിഡന്റ് നിതിൻ നാരംഗ് പറഞ്ഞു. എന്നാൽ സാമ്പത്തികപിന്തുണയും അവസരങ്ങളും പരിശീലനവും കിട്ടാത്തതിനാൽ പലരും ബുദ്ധിമുട്ടുകയാണ്. 65 കോടി രൂപ നീക്കിവെച്ചുകൊണ്ടുള്ള ഈ ബജറ്റിലൂടെ ഓരോ കളിക്കാരുടെയും സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. പ്രാദേശിക തലത്തിൽ തന്നെ തുടക്കക്കാരെ കണ്ടെത്തി പരിശീലനവും പ്രോത്സാഹനവും നൽകി ആഗോളതലത്തിലുള്ള മികവിലേക്ക് ഉയർത്തിക്കൊണ്ടുവരികയാണ് ലക്ഷ്യം. "വീടുവീടാന്തരം ചെസ് എല്ലാ വീട്ടിലും ചെസ്'' എന്നതാണ് എഐസിഎഫിന്റെ പുതിയ ആശയം. ജില്ലാതല അസോസിയേഷനുകളെ നേരിട്ട് സഹായിക്കുന്ന ആദ്യത്തെ ഫെഡറേഷനാണ് എ ഐ സി എഫ് എന്നും നിതിൻ സാരംഗ് പറഞ്ഞു. അടുത്ത മൂന്ന് വർഷത്തേക്ക് 15 ലക്ഷം രൂപവീതം നൽകി സംസ്ഥാന ചെസ് അസോസിയേഷനുകളെയും പരിപോഷിപ്പിക്കും. ദേശീയ തലത്തിൽ 42 കളിക്കാരുമായി കരാറിൽ ഒപ്പിടും. ഇതിനായി എഐസിഎഫ് പ്രോ പദ്ധതിക്ക് കീഴിൽ രണ്ട് കോടിരൂപയും നീക്കിവെച്ചിട്ടുണ്ട്. കളിക്കാർക്ക് ഇന്ത്യക്കകത്ത് പ്രത്യേക റേറ്റിംഗ് ഏർപ്പെടുത്തും. എഫ്ഐഡിഇ റേറ്റിങ് ഉള്ള ആദ്യത്തെ 20 കളിക്കാർക്ക് വാർഷികകരാർ ഇനത്തിൽ 25 ലക്ഷം രൂപയും 12.5 ലക്ഷം രൂപയും നൽകും. ഇതിനായി നാല് കോടി രൂപ ചെലവഴിക്കും. കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാവരും ചെസ് കളിക്കുന്ന തരത്തിലേക്ക് പ്രോത്സാഹനം നൽകും. സ്ത്രീകളെ കൂടുതലായി ഉൾപ്പെടുത്താൻ സവിശേഷശ്രദ്ധ നൽകും. നിരവധി ഗ്രാൻഡ് മാസ്റ്റർമാരുടെ രാജ്യമായി ഇന്ത്യയെ മാറ്റാനാണ് ശ്രമമെന്ന് നിതിൻ സാരംഗ് വ്യക്തമാക്കി.

# മാരീച്: കെൽട്രോണിന് അഭിനന്ദനവുമായി ഇന്ത്യൻ നേവി

തിരുവനന്തപുരം: കെൽട്രോണിനെ പ്രശംസിച്ച് ഇന്ത്യൻ നേവി. കപ്പലുകളെ തകർക്കുന്ന ബോംബുകൾ കണ്ടെത്താനും, അവയെ ആശയക്കുഴപ്പത്തിലാക്കി വഴിതിരിക്കാനും കഴിവുള്ള, കപ്പലുകളിൽ ഉപയോഗിക്കുന്ന 'അഡ്വാൻസ്ഡ് ടോർപ്പിഡോ ഡിഫൻസ് സിസ്റ്റം (എടിഡിഎസ് ) ആയ മാരീച് അറെ സംവിധാനം കെൽട്രോൺ നാവിക സേനയ്ക്ക് കൈമാറി.

മൂന്ന് എണ്ണമാണ് അരൂരിലെ കെൽട്രോൺ യൂണിറ്റിൽ നിന്ന് വിശാഖപട്ടണത്തേക്ക് കയറ്റി അയച്ചത്. നാവികമേഖലയുടെ ദക്ഷിണമേഖലാ കമാന്റ് മേധാവി വൈസ് അഡ്മിറൽ ബി ശ്രീനിവാസ് കെൽട്രോൺ കേന്ദ്രത്തിൽ നേരിട്ടെത്തുകയും കെൽട്രോണിന്റെ പ്രവർത്തനങ്ങളെ പ്രശംസിക്കുകയും ചെയ്തു. ഇന്ത്യൻ നാവികസേനയുടെ ആറ് കപ്പലുകളിലായി സ്ഥാപിക്കാനിരിക്കുന്ന പതിനൊന്ന് മാരീച് ടോഡ് അറെ നിർമ്മിക്കാനുള്ള 48.4 കോടി രൂപയുടെ ഓർഡർ അരൂരിലുള്ള കെൽട്രോൺ കൺട്രോൾസ് നേടിയിരുന്നു. കഴിഞ്ഞ ദിവസം കൈമാറിയ മൂന്ന് എണ്ണമുൾപ്പെടെ അഞ്ച് എണ്ണം ഇതിനോടകം കൈമാറിക്കഴിഞ്ഞു. മൂന്നു വർഷ കാലയളവിൽ പൂർത്തീകരിക്കേണ്ട ജോലിയാണിത്. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഭാരത് ഇലക്ട്രോണിക്സ് മാരീച് റഫറൽ സംവിധാനത്തിന്റെ അത്യാധുനിക സെൻസറുകൾ നിർമ്മിച്ച് നൽകിയിരിക്കുന്നത് കുറ്റിപ്പുറത്തുള്ള കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡാണ്. കഴിഞ്ഞ 25 വർഷങ്ങളായി ഇന്ത്യൻ പ്രതിരോധ മേഖലയ്ക്ക് വേണ്ടിയുള്ള വിവിധ ഡിഫെൻസ് ഇലക്ട്രോണിക്സ് സംവിധാനങ്ങൾ കെൽട്രോൺ നിർമ്മിച്ചു നൽകുന്നുണ്ട്.

നാവിക വിവര ശേഖരണം, സിഗ്നൽ വിശകലനം, അപഗ്രഥനം എന്നീ മേഖലകളിൽ പ്രതിരോധ ഗവേഷണ സ്ഥാപനങ്ങളായ ഡിആർഡിഒ (എൻപിഒഎൽ) യുടെ സാങ്കേതിക പങ്കാളിയായി കെൽട്രോൺ കൺട്രോൾസ് പ്രവർത്തിച്ച് വരികയാണ്. ഇന്ത്യൻ നാവികസേന, എൻപിഒഎൽ, സിഡാക്ക്, ഭെൽ, അക്കാഡമിക് സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പ് കമ്പനികൾ എന്നിവയുമായി സഹകരിച്ച് ഈ മേഖലയിൽ മുൻപന്തിയിലെത്താനുള്ള ശ്രമമാണ് ഇപ്പോൾ കെൽട്രോൺ നടത്തുന്നത്.

# മനുഷ്യ എച്ച് ഉണ്ടാക്കി പ്രതീകാത്മക കാർ ഡ്രൈവിംഗ് ടെസ്റ്റ് പ്രതിഷേധം

അത്താണി: പരിഷ്കരിച്ച ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് ഗുണത്തെക്കാളേറെ ദോഷമുണ്ടാക്കുമെന്ന് ആരോപിച്ച് സംസ്ഥാനമൊട്ടാകെ ഡ്രൈവിംഗ് സ്കൂളുകാർ നടത്തുന്ന പണിമുടക്ക് ആറാംദിവസത്തിലേക്ക്. സമരത്തിൻറെ ഭാഗമായി ഇന്നലെ പരിശീലകർ പണിമുടക്കി മനുഷ്യ എച്ച് ഉണ്ടാക്കി പ്രതീകാത്മകമായി കാർ ഡ്രൈവിംഗ് ടെസ്റ്റ് നടത്തി പ്രതിഷേധിച്ചു. അഖില കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഓണേഴ്സ് സമിതി, ബിഎംഎസ് സംയുക്തസമിതി എന്നിവയുടെ ആഭിമുഖ്യത്തിലാണു സമരം സംഘടിപ്പിച്ചത്.

യൂണിറ്റ് പ്രസിഡൻറ് ശശി പ്രകാശ്, സെക്രട്ടറി ഇ.ഡി. ഷാജു, ട്രഷറർ പ്രവീൺ കുമാർ, ഓണേഴ്സ് സമിതി അംഗങ്ങളായ ജയശങ്കർ വെളക്കപ്പള്ളി, പി.സി. തോമസ്, നന്ദനൻ, ബിഎംഎസ് അംഗങ്ങളായ പെപ്പിൻജോർജ്, ഷിജു മട്ടന, മനോജ് കുമാർ, സംയുക്തസമരസമിതി കൺവീനർ പി.കെ. രമേശ് എന്നിവർ നേതൃത്വം നൽകി.

# ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനം തിരുവല്ലയിൽ

തിരുവല്ല: കേരള ഗവ. ഫാർമസിസ്റ്റ് അസോസിയേഷൻ സംസ്ഥാന സമ്മേളനം 10,11 തീയതികളായി തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെൻറർ ഹാളിൽ നടക്കും.

നാളെ രാവിലെ ഒന്പതിന് രജിസ്ട്രേഷൻ, 9.30ന് സംസ്ഥാന പ്രസിഡൻറ് എസ്. വിജയകുമാർ പതാക ഉയർത്തും. പത്തിന് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്യും. മാത്യു ടി. തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. 11. 45ന് പ്രതിനിധി സമ്മേളനത്തിൻറെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കും. ജോബ് മൈക്കിൾ എംഎൽഎ അധ്യക്ഷത വഹിക്കും. തുടർന്ന് ജനറൽ സെക്രട്ടറി എം.എസ്. മനോജ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും.

വൈകുന്നേരം 4.30ന് സാംസ്കാരിക സമ്മേളനവും യാത്രയയപ്പും ആൻറോ ആൻറണി എംപി ഉദ്ഘാടനം ചെയ്യും. സംസ്ഥാന വൈസ് പ്രസിഡൻറ് ഡി.എൻ. അനിത അധ്യക്ഷത വഹിക്കും. 11നു രാവിലെ ഒന്പതിന് പ്രതിനിധി സമ്മേളനം, ചർച്ച, മറുപടി, അംഗീകാരം എന്നിവ നടക്കും. ശ്രീധരൻ മേലേത്തൊടി, കല വൈ. പവിത്രൻ, പി. വിനോദ് കുമാർ, വി.എസ്. ഷൈജു, ബി. ബിജൽ കുമാർ, കെ.ജി. ശ്രീകുമാർ എന്നിവർ പ്രമേയങ്ങൾ അവതരിപ്പിക്കും. 12ന് സംസ്ഥാന കൗൺസി യോഗവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കും.

# പ്ലെയിസ്മെന്റ് ഡ്രൈവ്

നെയ്യാറ്റിൻകര എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെൻറ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു സ്വകാര്യ സ്ഥാപനത്തിലേക്ക് ബിസിനസ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ്, സീനിയർ ബിസിനസ് ഡെവലപ്മെൻറ്, അസിസ്റ്റന്റ് ബിസിനസ് മാനേജർ, ബിസിനസ് മാനേജർ എന്നീ തസ്തികകളിലേക്ക് പ്ലെയിസ്മെന്റ് ഡ്രൈവ് നടത്തുന്നു. ഡിഗ്രി യോഗ്യതയുള്ള 21 45 പ്രായപരിധിയിലുള്ള ഉദ്യോഗാർഥികൾ 0471 2937171 എന്ന നമ്പറിൽ വിളിച്ചോ, നെയ്യാറ്റിൻകര എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെൻറ് സെന്ററിൽ നേരിട്ടെത്തിയോ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. അവസാന തിയതി മെയ് 13. കൂടുതൽ വിവരങ്ങൾക്ക് 0471 2937171, c-d-cn-tk-a@k-er-a-l-a.gov.in

# കുടിവെള്ളക്ഷാമം: ഗവ. മെഡിക്കൽ കോളജ് ആശുപത്രി പ്രവർത്തനം പ്രതിസന്ധിയിൽ

മുളംകുന്നത്തുകാവ്: ഗവ. മെഡിക്കൽ കോളജ് കാമ്പസിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനെതുടർന്നു ആശുപത്രി പ്രവർത്തനം പ്രതിസന്ധിയിൽ. മുളങ്കുന്നത്തുകാവ് ഇഎസ്ഐ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് നിർത്തിവച്ചു. മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡയാലിസസിൻറെ എണ്ണം കുറയ്ക്കാനും ആലോചന നടക്കുന്നുണ്ട്.കാമ്പസ് ക്വാർട്ടേഴ്സിലുള്ളവർ താമസം മാറി. സ്വകാര്യ ഏജൻസിവഴി വെള്ളം എത്തിച്ചാണ് ആശുപത്രിയുടെ ദൈനംദിന പ്രവൃത്തികൾ നടക്കുന്നത്.

വെള്ളം സ്വരൂപിച്ചുവയ്ക്കുന്ന കുളങ്ങൾ വറ്റിയതാണു പ്രതിസന്ധി രൂക്ഷമാക്കിയത്. സാധാരണ വേനൽക്കാലത്തു പീച്ചി കനാൽവഴി വെള്ളംവിട്ടാൽ ഉറവിലൂടെ കുളത്തിൽ വെള്ളം നിറയാറുണ്ട്. എന്നാൽ ഇത്തവണ ഏപ്രിൽ ആദ്യവാരം മൂന്നുദിവസം മാത്രമാണു വെള്ളം തുറന്നുവിട്ടത്. അതു മെഡിക്കൽ കോളജ് കാമ്പസിൽ എത്തുന്നതിനുമുന്പേ നിർത്തിയതാണ് പ്രതിസന്ധിക്കിടയാക്കിയത്. ഈ അവസ്ഥയിലും കാന്പസിൽ കാടുപിടിച്ചുകിടക്കുന്ന രണ്ടു കുളങ്ങൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കാൻ ശ്രമിക്കുന്നില്ലെന്ന് ആക്ഷേപമുണ്ട്.

# ആധാരം എഴുത്ത് അസോസിയേഷൻ സംസ്ഥാന സമ്മേളനം: കൊടിമര പതാകജാഥ പ്രയാണം നടത്തി

അലപ്പുഴ: ആലപ്പുഴയിൽ നടക്കുന്ന ആധാരം എഴുത്ത് അസോസിയേഷൻ സംസ്ഥാന സമ്മേളനത്തിൻറെ ഭാഗമായി ആലപ്പുഴ ടൗൺ ഹാളിലെ സമ്മേളന നഗറിലേക്ക് കൊടി ഉയർത്തുന്നതിനുള്ള കൊടിമര പതാക പ്രയാണം നടത്തി. അമ്പലപ്പുഴ യൂണിറ്റിൻറെ നേതൃത്വത്തിൽ കൊടിമരം അമ്പലപ്പുഴ കച്ചേരി ജംഗ്ഷനിൽനിന്ന് അസോസിയേഷൻ ജില്ലാ സെക്രട്ടറി എം.പി. മധുസൂദനൻറെ നേതൃത്വത്തിലാണ് കൊടിമര ജാഥ സമ്മേളനനഗറിൽ എത്തിച്ചത്.

മാരാരിക്കുളത്തുനിന്ന് അസോസിയേഷൻറെ പതാക ജില്ലാ പ്രസിഡൻറ് പി.ടി.

ജോൺ പെരുംപള്ളിലിൻറെ നേതൃത്വത്തിലാണ് സമ്മേളനനഗറിൽ എത്തിച്ചത്. ആലപ്പുഴ ടൗൺ ഹാളിൽ കൊടിമരവും പതാകയും അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് കെ.ജി. ഇന്ദുകലാധരൻ, സംസ്ഥാന ജനറൽ സെക്രട്ടറി എ. അൻസാർ, സംസ്ഥാന ട്രഷറർ സി.പി. അശോകൻ, സെക്രട്ടറി വൃന്ദാവനി, ഒ.എം. ദിനകരൻ എന്നിവർ ചേർന്ന് ജില്ലാ ഭാരവാഹികളിൽനിന്ന്ഏറ്റുവാങ്ങി സമ്മേളന നഗറിൽ സ്ഥാപിച്ചു.

# ഹയർസെക്കന്ററി പരീക്ഷ: 78.69% പേർക്ക് ഉപരിപഠന യോഗ്യത
# 39242 പേർക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ്

രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയിൽ 78.69 ശതമാനം വിദ്യാർഥികൾ ഉപരിപഠനത്തിന് യോഗ്യത നേടി. ആകെ 2024 സ്കൂളുകളിലായി സ്കൂൾ ഗോയിംഗ് റഗുലർ വിഭാഗത്തിൽ 3,74,755 പേർ പരീക്ഷ എഴുതിയതിൽ 2,94,888 പേർ ഉന്നത പഠനത്തിന് യോഗ്യത നേടിയതായി ഫലപ്രഖ്യാപനം നടത്തി പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കഴിഞ്ഞ വർഷത്തെ വിജയ ശതമാനം 82.95 ആയിരുന്നു. ഒന്നാം വർഷ പരീക്ഷയുടെ സ്കോറുകൾ കൂടി കണക്കിലെടുത്താണ് പരീക്ഷാഫലം നിർണയിച്ചിരിക്കുന്നത്. ഫിസിക്സ്, കെമിസ്ട്രി, മാത്തമറ്റിക്സ് വിഷയങ്ങൾക്ക് ഇരട്ട മൂല്യനിർണയരീതിയാണ് അവലംബിച്ചത്.

1,93,289 പെൺകുട്ടികളിൽ 1,68,561 പേരും (87.21%), 1,81,466 ആൺകുട്ടികളിൽ 1,26,327 പേരും (69.61%) ഉപരിപഠനത്തിന് യോഗ്യത നേടി. 1,89,411 സയൻസ് വിദ്യാർത്ഥികളിൽ 1,60,696 പേരും (84.84%), 76,235 ഹ്യുമാനിറ്റീസ് വിദ്യാർത്ഥികളിൽ 51,144 പേരും (67.09%), 1,09,109 കോമേഴ്സ് വിദ്യാർത്ഥികളിൽ 83,048 പേരും (76.1%) ഉപരി പഠനത്തിന് യോഗ്യത നേടി. പട്ടികജാതി വിഭാഗത്തിൽ 35,781 ൽ 20,343 പേരും (56.85%) പട്ടികവർഗ്ഗ വിഭാഗത്തിൽ 5,815 ൽ 3,135 പേരും (53.91%) ഒ.ഇ.സി വിഭാഗത്തിൽ 9,472 ൽ 6,630 പേരും (70.00%) ഒ.ബി.സി. വിഭാഗത്തിൽ 2,48,876 ൽ 1,99,117 പേരും (80.01%) ജനറൽ വിഭാഗത്തിൽ 74,811 ൽ 65,663 പേരും (87.77%) ഉപരി പഠനത്തിന് അർഹത നേടി.

എയിഡഡ് മേഖലയിലെ സ്കൂളുകളിൽ നിന്ന് 1,84,490 ൽ 1,52,147 പേരും (82.47%) ഗവൺമെന്റ് മേഖലയിലെ 1,63,920 ൽ 1,23,046 പേരും (75.06%) അൺഎയിഡഡ് മേഖലയിലെ 26,071 ൽ 19,425 പേരും (74.51%) ഉപരി പഠനത്തിന് യോഗ്യരായി.

റഗുലർ സ്കൂൾ ഗോയിംഗ് വിഭാഗത്തിൽ 39,242 വിദ്യാർഥികൾ എല്ലാ വിഷയങ്ങൾക്കും അ+ ഗ്രേഡിനർഹത നേടി. ഇതിൽ 29,718 പേർ പെൺകുട്ടികളും 9,524 പേർ ആൺകുട്ടികളുമാണ്. സയൻസ് വിഭാഗത്തിൽ 31,214 പേർക്കും ഹ്യുമാനിറ്റീസ് വിഭാഗത്തിൽ 2,753 പേർക്കും കോമേഴ്സ് വിഭാഗത്തിൽ 5,275 പേർക്കും എല്ലാ വിഷയങ്ങൾക്കും അ+ ഗ്രേഡ് ലഭിച്ചു. ഇതിൽ 105 കുട്ടികൾക്ക് മുഴുവൻ സ്കോറും 1200/1200 ലഭിച്ചു. 63 സ്കൂളുകൾ 100% വിജയം നേടി. ഇതിൽ ഏഴെണ്ണം സർക്കാർ സ്കൂളുകളും 17 എണ്ണം എയ്ഡഡ് സ്കൂളുകളും 27 എണ്ണം അൺ എയ്ഡഡ് സ്കൂളുകളും 12 എണ്ണം സ്പെഷ്യൽ സ്കൂളുകളുമാണ്. സർക്കാർ സ്കൂളുകളുടെ എണ്ണം ഏഴിൽ നിൽക്കുന്നതു സംബന്ധിച്ച പ്രാഥമിക പരിശോധന നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറകടറെ ചുമതലപ്പെടുത്തി.

44,387 പേർ എല്ലാ വിഷയങ്ങൾക്കും അ ഗ്രേഡോ അതിനു മുകളിലോ 50,159 പേർ എല്ലാ വിഷയങ്ങൾക്കും ആ+ ഗ്രേഡോ അതിനു മുകളിലോ 61,387 പേർ എല്ലാ വിഷയങ്ങൾക്കും ആ ഗ്രേഡോ അതിനു മുകളിലോ 62,500 പേർ ഇ+ ഗ്രേഡോ അതിനു മുകളിലോ 37,071 പേർ ഇ ഗ്രേഡോ അതിനു മുകളിലോ 142 പേർ ഉ+ ഗ്രേഡോ അതിനു മുകളിലോ നേടുകയുണ്ടായി. 79,308 പേർക്ക് ഉ ഗ്രേഡും 408 പേർക്ക് ഋ ഗ്രേഡുമാണ് ലഭിച്ചിട്ടുള്ളത്. തിയറി പരീക്ഷക്ക്, ഗ്രേസ് മാർക്കിനർഹതയുണ്ടെങ്കിൽ ആയത് സഹിതം 30 ശതമാനം സ്കോറും, ഠഋ, ഇഋ, ജഋ എന്നിവക്കെല്ലാം കൂടി 30 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്ന വിദ്യാർത്ഥിക്ക് മാത്രമേ ഉപരി പഠനത്തിനർഹതയുണ്ടായിരിക്കുകയുള്ളൂ.



ഈ വർഷത്തെ ഹയർ സെക്കൻഡറി പരീക്ഷാ ഫല പ്രഖ്യാപന ശേഷം തിരുവനന്തപുരം മണക്കാട് ഹയർ സെക്കൻഡറി സ്കൂളിലെത്തിയ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി വിദ്യാർഥികളുമായി മധുരം പങ്കുവയ്ക്കുന്നു.

വിജയ ശതമാനം ഏറ്റവും കൂടുതൽ എറണാകുളം ജില്ലയിലും (84.12%) ഏറ്റവും കുറവ് വയനാട് ജില്ലയിലുമാണ് (72.13%). ഏറ്റവും കൂടുതൽ വിദ്യാർഥികളെ (791 പേർ) പരീക്ഷയ്ക്ക് സജ്ജരാക്കിയ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂൾ 84.83% പേരെ ഉപരിപഠനത്തിന് യോഗ്യരാക്കി. മലപ്പുറം ജില്ലയിലെ എസ്.വി ഹയർസെക്കന്ററി സ്കൂൾ പാലേമേട്, എം.എസ്.എം. ഹയർസെക്കന്ററി സ്കൂൾ കല്ലിങ്ങൽപ്പറമ്പ, എന്നീ സ്കൂളുകളിൽ യഥാക്രമം 740 ഉം 730 ഉം വിദ്യാർഥികൾ പരീക്ഷ എഴുതി. വിജയ ശതമാനം യഥാക്രമം 75.68 ഉം 93.86 ഉം ആണ്. ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ മുഴുവൻ വിഷയങ്ങൾക്കും അ+ ഗ്രേഡിനർഹരാക്കിയ ജില്ല മലപ്പുറം (5,659) ആണ്. നൂറു ശതമാനം വിജയം കരസ്ഥമാക്കിയ 63 സ്കൂളുകളാണുള്ളത്.

ടെക്നിക്കൽ സ്ട്രീം

ഹയർസെക്കന്ററിയുടെ സിലബസ് പിന്തുടരുന്ന 15 ടെക്നിക്കൽ സ്കൂളുകളിൽ നിന്നായി 1,494 പേർ പരീക്ഷയ്ക്കിരുന്നതിൽ 1,046 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. (70.01%). 73 പേർക്ക് എല്ലാ വിഷയങ്ങൾക്കും അ+ ഗ്രേഡ് ലഭിച്ചു.

ആർട്ട് സ്ട്രീം

കേരള കലാമണ്ഡലം ആർട്ട് ഹയർസെക്കന്ററി സ്കൂളിൽ 60 വിദ്യാർഥികൾ പരീക്ഷയ്ക്കിരുന്നതിൽ 60 പേരും ഉപരിപഠനത്തിന് യോഗ്യത നേടി. വിജയശതമാനം 100.

സ്കോൾ കേരള

36,077 വിദ്യാർഥികൾ സ്കോൾ കേരള മുഖാന്തിരം പരീക്ഷ എഴുതിയതിൽ 14,652 പേർ ഉപരിപഠനത്തിന് അർഹത നേടി. വിജയശതമാനം 40.61. ഇതിൽ 567 പേർ എല്ലാ വിഷയങ്ങൾക്കും അ+ ഗ്രേഡ് നേടി. സയൻസ് വിഭാഗത്തിൽ നിന്ന് 2,412 പേരിൽ 2,052 പേരും (85.07%), ഹ്യുമാനിറ്റീസ് വിഭാഗത്തിൽനിന്ന് 20,677 പേരിൽ 7,965 പേരും (38.52%), കോമേഴ്സ് വിഭാഗത്തിൽ നിന്ന് 12,988 പേരിൽ 4,635 പേരും (35.69%), ഉപരിപഠനത്തിന് അർഹത നേടി. ഓപ്പൺ പഠന വിഭാഗത്തിൽ ഏറ്റവും കൂടുതൽ പേർ പരീക്ഷയ്ക്കിരുന്നത് മലപ്പുറം ജില്ലയിലാണ് 15,402 പേർ.

പ്രൈവറ്റ് കമ്പാർട്ട്മെന്റൽ വിദ്യാർഥികൾ

2017 മാർച്ച് മുതൽ 2023 മാർച്ച് വരെ ഹയർസെക്കന്ററി പരീക്ഷകൾ എഴുതി ഉപരിപഠനത്തിന് യോഗ്യത നേടാത്തവരും 2023 സെപ്റ്റംബർ ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതിയവരും 2024 മാർച്ച് പരീക്ഷക്ക് രജിസ്റ്റർ ചെയ്തവരുമാണ് ഈ വിഭാഗത്തിൽ പെടുക. 16,941 പേർ പരീക്ഷ എഴുതിയതിൽ 3,011 പേർ ഉപരിപഠനത്തിന് യോഗ്യത നേടി. വിജയശതമാനം 17.77.

ഒന്നും രണ്ടും വർഷ പൊതുപരീക്ഷകളുടെ സ്കോറുകളും നിരന്തര മൂല്യനിർണ്ണയ സ്കോറും പ്രായോഗിക പരീക്ഷയുടെ സ്കോറും ഗ്രേസ് മാർക്കും ഇത്തവണത്തെ സർട്ടിഫിക്കറ്റിൽ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിരിക്കും. ഓരോ വിഷയത്തിനും ലഭിച്ച മൊത്തം സ്കോറും ഗ്രേഡും സർട്ടിഫിക്കറ്റിൽ ലഭിക്കും. സർട്ടിഫിക്കറ്റിന്റെ വിതരണം ജൂലൈയിൽ പൂർത്തീകരിക്കും. 2013 മുതൽ സർട്ടിഫിക്കറ്റുകൾ സ്കൂൾ സീലും, പ്രിൻസിപ്പലിന്റെ ഒപ്പും രേഖപ്പെടുത്തിയാണ് നൽകുന്നത്. സർട്ടിഫിക്കറ്റിന്റെ കൗണ്ടർ ഫോയിലുകൾ സ്കൂളിൽ സൂക്ഷിക്കും. കംപാർട്ട്മെന്റലായി പരീക്ഷ എഴുതി ഉന്നത പഠനത്തിന് യോഗ്യത നേടിയ വിദ്യാർഥികൾക്ക് അവർ മുൻ പരീക്ഷയിൽ യോഗ്യത നേടിയ സ്കോറുകളും ഇത്തവണ നേടിയ സ്കോറുകളും ചേർത്തുള്ള കൺസോളിഡേറ്റഡ് സർട്ടിഫിക്കറ്റുകളും പ്രൊവിഷണൽ സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള സൗകര്യങ്ങൾ ഡയറക്ടറേറ്റിൽ നിലവിലുണ്ട്. കുട്ടികളുടെ ഫോട്ടോയും മറ്റു അനുബന്ധവിവരങ്ങളും ഉൾപ്പെടുത്തിയ പരിഷ്കരിച്ച സർട്ടിഫിക്കറ്റുകളാണ് 2020 മുതൽ നൽകിവരുന്നത്.

സേ/ഇംപ്രൂവ്മെന്റ് പരീക്ഷ

2024 മാർച്ചിലെ രണ്ടാം വർഷ പരീക്ഷയിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾക്ക് യോഗ്യത നേടാനാവാത്ത വിഷയങ്ങൾക്ക് സേ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. 2024 മാർച്ചിലെ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഉ+ ഗ്രേഡോ അതിനു മുകളിലോ ലഭിച്ചവർക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം ഏതെങ്കിലും ഒരു വിഷയം ഇംപ്രൂവ് ചെയ്യാവുന്നതാണ്. 2024 ലെ സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മേയ് 13 വരെ അപേക്ഷിക്കാം. ജൂൺ 12 മുതൽ 20 വരെയാകും പരീക്ഷ.

പുനർമൂല്യനിർണ്ണയം

വിദ്യാർഥികൾക്ക് പുനർമൂല്യനിർണ്ണയത്തിനോ ഉത്തരക്കടലാസുകളുടെ പകർപ്പിനോ സൂക്ഷ്മ പരിശോധനയ്ക്കോ അപേക്ഷിക്കാവുന്നതാണ്. ഇരട്ട മൂല്യനിർണ്ണയം നടന്ന ഫിസിക്സ്, കെമിസ്ട്രി, മാത്തമറ്റിക്സ് വിഷയങ്ങൾക്ക് പുനർമൂല്യനിർണയവും സൂക്ഷ്മ പരിശോധനയും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അവർക്ക് ഉത്തരക്കടലാസുകളുടെ പകർപ്പിന് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ, അവരവർ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിലാണ് സമർപ്പിക്കേണ്ടത്. ഡയറക്ടറേറ്റിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്നതല്ല. അപേക്ഷാഫോറങ്ങളുടെ മാതൃക സ്കൂളുകളിലും ഹയർസെക്കന്ററി പോർട്ടലിലും ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിന് 500 രൂപയും ഉത്തരക്കടലാസ്സുകളുടെ പകർപ്പിന് 300 രൂപയും സൂഷ്മ പരിശോധനയ്ക്ക് 100 രൂപയുമാണ് പേപ്പറൊന്നിന് ഫീസ്. അപേക്ഷകൾ മേയ് 9 മുതൽ സ്കൂളുകളിൽ സമർപ്പിക്കാവുന്നതാണ്. പുനർമൂല്യനിർണയത്തിന് മേയ് 14 വരെ അപേക്ഷിക്കാം.

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

മൂന്ന് തദ്ദേശസ്ഥാപന അംഗങ്ങളെ അയോഗ്യരാക്കി

ഒരു മുനിസിപ്പാലിറ്റി കൗൺസിലറെയും രണ്ട് ഗ്രാമപഞ്ചായത്ത് അംഗങ്ങളെയും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ എ.ഷാജഹാൻ അയോഗ്യരാക്കി.

കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിയിലെ പത്താം വാർഡ് കൗൺസിലർ നിഷാ കുമാരി, കോട്ടയം ജില്ലയിലെ ചെമ്പ് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് അംഗം ശാലിനി മധു, ആലപ്പുഴ ജില്ലയിലെ പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് 12ാം വാർഡംഗം സുൾഫിക്കർ എന്നിവരാണ് അയോഗ്യരാക്കപ്പെട്ടത്.

പരവൂർ മുനിസിപ്പാലിറ്റിയിലെ ചെയർപേഴ്സണിന്റെയും കൗൺസിലർമാരുടെയും ഔദ്യോഗിക ഉപയോഗത്തിനായി ലെറ്റർപാഡ് അച്ചടിച്ച് നൽകുന്ന പ്രവൃത്തിയുടെ ക്വട്ടേഷൻ പ്രക്രിയയിൽ പങ്കെടുക്കുകയും ഏറ്റെടുത്ത് നടത്തുകയും അതിനുള്ള പ്രതിഫലം കൈപ്പറ്റുകയും ചെയ്തതിനാലാണ് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 91 (1) (എഫ്) സെക്ഷൻ പ്രകാരം കൗൺസിലർ നിഷാകുമാരി അയോഗ്യയാക്കപ്പെട്ടത്.മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ പ്രതിഫലം പറ്റിക്കൊണ്ട് സർക്കാരിന്റെയോ തദ്ദേശസ്ഥാപനത്തിന്റെയോ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത് കൗൺസിലറായി തുടരുന്നതിനുള്ള അയോഗ്യതയാണ് എന്നാണ് പ്രസ്തുത സെക്ഷൻ വ്യവസ്ഥ ചെയ്യുന്നത്.

ചെമ്പ് ഗ്രാമപഞ്ചായത്ത് അംഗം ശാലിനി മധു തുടർച്ചയായി മൂന്നുമാസക്കാലയളവിൽ കൂടുതൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഹാജരാകാത്തതിനാലാണ് അയോഗ്യയാക്കപ്പെട്ടത്.പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് അംഗം സുൾഫിക്കർ തുടർച്ചയായി മൂന്നുമാസക്കാലയളവിൽ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലോ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലോ ഹാജരാകാത്തതിനാലാണ് അയോഗ്യനാക്കപ്പെട്ടത്.കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 35 (1) (കെ) പ്രകാരം തുടർച്ചയായി മൂന്ന് മാസക്കാലയളവിൽ പഞ്ചായത്ത് കമ്മിറ്റി യോഗത്തിലോ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലോ പങ്കെടുത്തില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പഞ്ചായത്തംഗമായി തുടരാൻ കഴിയില്ല.

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അതത് പഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിച്ച നടപടിക്കെതിരെ അംഗത്വം പുനസ്ഥാപിച്ചു കിട്ടണമെന്നാവശ്യപ്പെട്ട് അംഗങ്ങൾ നൽകിയ ഹർജ്ജികൾ തള്ളിക്കൊണ്ടും സെക്രട്ടറിമാരുടെ നടപടി ശരിവച്ചുകൊണ്ടുമാണ് കമ്മീഷന്റെ ഉത്തരവ്.

## ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനം അപേക്ഷ മേയ് 16 മുതൽ 25 വരെ

ഹയർസെക്കൻഡറി (വൊക്കേഷണൽ) ഒന്നാംവർഷ പ്രവേശനത്തിനുള്ള അപേക്ഷാ സമർപ്പണം മേയ് 16 ന് ആരംഭിച്ച് 25 ന് അവസാനിക്കും. മേയ് 29ന് ട്രയൽ അലോട്ട്മെന്റും ജൂൺ 5ന് ആദ്യ അലോട്ട്മെന്റും നടക്കും. ജൂൺ 24ന് ക്ലാസ് തുടങ്ങും.അപേക്ഷ നൽകുന്നതിന് പത്താംതരം പഠിച്ച സ്കൂളിലെയോ, തൊട്ടടുത്ത സർക്കാർ/ എയ്ഡഡ് ഹയർസെക്കൻഡറി (വൊക്കേഷണൽ) സ്കൂളുകളിലെയോ കമ്പ്യൂട്ടർ ലാബ് സൗകര്യവും അധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്താം. www.vhseportalkerala.gov.in/ www.admission.dge.kerala.gov.in എന്ന വെബ്സൈറ്റിൽ കാൻഡിഡേറ്റ് ലോഗിൻ ചെയ്ത് അുുഹ്യ ഛിഹശില എന്ന ലിങ്കിലൂടെ നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം.

ഹയർസെക്കൻഡറി തലത്തിലെ 'ചടഝഎ" അധിഷ്ഠിതമായ 48 കോഴസുകളിലേക്കാണ് പ്രവേശനം നടക്കുന്നത്. എയ്ഡഡ് ഹയർസെക്കൻഡറി (വൊക്കേഷണൽ) സ്കൂളുകളിലെ മാനേജ്മെന്റ് ക്വോട്ട (20 ശതമാനം സീറ്റുകൾ) പ്രവേശനം അതത് മാനേജമെന്റുകളാണ് നടത്തുന്നത്. അതിനായി അതത് സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന പ്രത്യേക അപേക്ഷാ പൂരിപ്പിച്ച് നൽകണം.

## വി.എച്ച്.എസ്.ഇ സേ/ ഇംപ്ലൂവ്മെന്റ് പരീക്ഷാ വിജ്ഞാപനം

ഹയർ സെക്കൻഡറി (വൊക്കേഷണൽ) വിഭാഗം 2024 ജൂണിൽ നടത്തുന്ന സേ/ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

തിയറി പരീക്ഷകൾ ജൂൺ 12ന് ആരംഭിച്ച് 20ന് അവസാനിക്കും. അപേക്ഷകൾ പിഴകൂടാതെ മേയ് 15 വരെയും 600 രൂപ പിഴയോടുകൂടി മേയ് 17 വരെയും സ്കൂളുകളിൽ സമർപ്പിക്കാം. ഫീസ് '0202-01-102-93VHSE Fees'' എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ സഹിതം അപേക്ഷ വിദ്യാർഥികൾ പഠനം പൂർത്തിയാക്കിയ സ്കൂളുകളിൽ സമർപ്പിക്കാം.

അപേക്ഷാ ഫോമും പരീക്ഷയെ സംബന്ധിച്ച വിവരങ്ങളും പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും www.vhsems.kerala.gov.in പോർട്ടലിൽ നിന്നും ലഭിക്കും.

## ഡ്രൈവിങ് ടെസ്റ്റ്: സർക്കാർ നടപടികളെ തടസപ്പെടുത്താനുള്ള ശ്രമങ്ങളിൽ നിന്നു പിന്മാറണമെന്നു ഗതാഗത മന്ത്രി

ഡ്രൈവിംഗ് ടെസ്റ്റ് കുറ്റമറ്റ നിലയിൽ നടത്തുന്നതിനായി സർക്കാർ കൈക്കൊള്ളുന്ന നടപടികളെ തടസ്സപ്പെടുത്തുവാനുള്ള ശ്രമങ്ങളിൽ നിന്നും ബന്ധപ്പെട്ടവർ പിന്മാറണമെന്നും ഹൈക്കോടതി ഉത്തരവിനെ മാനിക്കാൻ തയ്യാറാകണമെന്നും ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ അഭ്യർഥിച്ചു.

ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ സംഘടന ആവശ്യപ്പെട്ട പ്രകാരം ഇക്കാര്യത്തിൽ ചർച്ച നടത്തുന്നതിനും സമരക്കാർ ഉന്നയിച്ചിരുന്ന ആവശ്യങ്ങളിൽ അനുഭാവപൂർവ്വമായ ഇളവുകളും സാവകാശവും അനുവദിച്ചു നല്കുന്നതിനും സർക്കാർ സന്നദ്ധമായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് ദിനം പ്രതിയുള്ള ടെസ്റ്റ് സ്ലോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതായിരുന്നു. ഇക്കാര്യത്തിൽ അനുവദിക്കാവുന്ന പരമാവധി വർദ്ധിപ്പിച്ചു നൽകാനാണ് സർക്കാർ തയ്യാറായത്.

കേന്ദ്ര മോട്ടോർ വാഹന നിയമം അനുസരിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമാണ് മുന്നോട്ടു വച്ചത്. ഇപ്പോഴത്തെ പരിഷ്കാര നടപടികളുമായി മുന്നോട്ടുപോകുവാൻ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട്.

സ്വന്തം ജീവന്റെ സുരക്ഷിതത്വം പോലെതന്നെ പ്രധാനമാണ് ഇതര വാഹനങ്ങളിൽ സഞ്ചരിക്കുന്നവരും കാൽനടയാത്രക്കാരും അടക്കമുള്ളവരുടെ ജീവൽ സുരക്ഷയുമെന്ന് ലൈസൻസ് എടുക്കുന്നവർ മനസ്സിലാക്കണം. അത്തരം അവബോധവും ഡ്രൈവിംഗ് വൈദഗ്ധ്യവും പരിശീലിപ്പിക്കപ്പെട്ടവരെയാണ് ഡ്രൈവിംഗ് ടെസ്റ്റിനായി സജ്ജരാക്കുന്നതെന്ന് ഡ്രൈവിംഗ് സ്കൂൾ നടത്തിപ്പുകാരും ഉറപ്പു വരുത്തണം.

ഇതൊന്നും പാലിക്കാതെയും നിയമത്തിൽ പറഞ്ഞിരിക്കുന്ന യാതൊരു മാനദണ്ഡങ്ങളുമില്ലാതെയും യഥേഷ്ടം ലൈസൻസുകൾ വിതരണം ചെയ്ത് നിരത്തുകളെ ചോരക്കളമാക്കുന്ന പ്രവണത തുടരുന്നത് അനുവദിക്കാനാവില്ല. ഇപ്പോൾ നടക്കുന്ന സമരം തികച്ചും അനാവശ്യവും പൊതുജനതാൽപര്യത്തിനെതിരും നിയമവിരുദ്ധവും കോടതി നിർദ്ദേശങ്ങൾക്കെതിരുമാണ്.

ഡ്രൈവിംഗ് ടെസ്റ്റിന് സ്ലോട്ട് അനുവദിച്ചു കിട്ടിയിട്ടുള്ളവർ അതാത് ദിവസം കൃത്യമായി ഹാജരായി ടെസ്റ്റ് എടുക്കണം. ബോധപൂർവ്വം മാറി നിൽക്കുമ്പോൾ അടുത്ത ടെസ്റ്റിന് അർഹത ലഭിക്കുവാൻ കാലതാമസമുണ്ടാകും. ബഹിഷ്കരണങ്ങൾ നടക്കുന്നതിനിടയിൽ പലയിടങ്ങളിലും സ്ലോട്ട് അനുസരിച്ച് ആളുകൾ കൃത്യമായി എത്തി ടെസ്റ്റ് പാസ്സായി പോകുന്നുമുണ്ട്.

ഓരോ ദിവസവും അനുവദിക്കപ്പെട്ട സ്ലോട്ടുകളിൽ പങ്കെടുക്കേണ്ടവർ വരാതിരുന്നാൽ അവർക്കു പകരമായി തൊട്ടടുത്ത ദിവസങ്ങളിലെ സ്ലോട്ടിൽ നിന്നും സന്നദ്ധത അറിയിക്കുന്ന നിശ്ചിത എണ്ണം ആളുകളെ ഉൾപ്പെടുത്തി വെയിറ്റിംഗ് ലിസ്റ്റ് തയ്യാറാക്കി ടെസ്റ്റ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡ്രൈവിംഗ് ടെസ്റ്റ് സുഗമമായി നടത്തുന്നതിന് പരമാവധി സ്ഥലങ്ങളിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഭൂമിയിലോ സന്നദ്ധത അറിയിക്കുന്ന സ്വകാര്യ ഭൂമിയിലോ ടെസ്റ്റിനുള്ള ഗ്രൗണ്ടുകൾ അടിയന്തിരമായി സജ്ജമാക്കുവാൻ ആർ. റ്റി. ഒ. മാർക്ക് നിർദ്ദേശം നൽകും. ടെസ്റ്റിനുള്ള വാഹനം ലഭ്യമാകാത്ത സ്ഥലങ്ങളിൽ അവ വാടകയ്ക്കെടുത്ത് ടെസ്റ്റ് മുടക്കം കൂടാതെ നടത്തുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

സ്ലോട്ട് ലഭിച്ച് ടെസ്റ്റിന് എത്തിച്ചേരുന്ന അപേക്ഷകരെ ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളിൽ തടസ്സപ്പെടുത്തുന്നതും, ബാഹ്യ ശക്തികളുമായി ചേർന്ന് നിസ്സാര കാരണങ്ങൾ പറഞ്ഞു മടക്കി അയയ്ക്കുന്നതും ചില ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കോടതി നിർദ്ദേശവും സർക്കാരിന്റെ ഉത്തമ താല്പര്യങ്ങളടങ്ങിയ നിർദ്ദേശങ്ങളും ജാഗ്രതാപൂർവ്വം പാലിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഇത്തരത്തിലുള്ള സമീപനം ഉണ്ടായാൽ കർശനമായ നടപടിയുണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.


## തൊഴിലധിഷ്ഠിത കോഴ്സുകൾ

ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐയിൽ ഐ.എം.സിയുടെ ആഭിമുഖ്യത്തിൽ ടടഘഇ, +2 മുതൽ യോഗ്യതകൾ ഉള്ളവർക്ക് തൊഴിലധിഷ്ഠിത പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ ഇന്റർനാഷണൽ ഡിപ്ലോമ ഇൻ എയർ കാർഗോ ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ്, ഇന്റർനാഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, ഡിപ്ലോമ ഇൻ അഇ മെക്കാനിക്, ഡിപ്ലോമ ഇൻ ഫോട്ടോഗ്രാഫി എന്നീ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9074874208.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സഹോദരൻ കെ പി യോഹന്നാനു വിട

**ജെ. എസ്സ് അടൂർ**



ഇത് ആത്മീയ യാത്ര. ഞാൻ കെ പി യോഹന്നാൻ... സിലോൺ റേഡിയോയിൽ നിന്നുള്ള സരളവാക്കുകളിലുള്ള സുവിശേഷ വചനങ്ങൾ 1980 കളിൽ പലരും ഓർക്കും.

മധ്യതിരുവിതാംകൂറിലെയും ക്രിസ്ത്യൻ നവീകരണത്തിന്റെ എപ്പിസെന്റ്റാണ് തിരുവല്ല കുമ്പനാട് കോഴഞ്ചേരി ആറന്മുള കല്ലിശേരി ചെങ്ങന്നൂർ മുളക്കുഴ ഉൾപ്പെടുന്ന ഏതാണ്ട് ഇരുപതു ചതുരശ്രകിലോമീറ്റർ സ്ഥലം. ഈ ഭാഗങ്ങളിൽ വിദ്യാഭ്യാസവും അക്ഷരാഭ്യാസവും ഇഗ്ളീഷ് വിദ്യാഭ്യാസവും നേരത്തെ എത്തിയതാണു ഒരു കാരണം. മലയാള ബൈബിൾ ഏതാണ്ട് 1880 മുതൽ ഈ ഭാഗങ്ങളിൽ എല്ലാം വായിക്കുവാൻ തുടങ്ങി. മലയാളം ബൈബിൾ പഠന പ്രാർത്ഥന ഗ്രൂപ്പ്കൾ ഏതാണ്ട്, 1880 കൾ മുതൽ വിവിധ വീടുകളിൽ കൂടുവാൻ തുടങ്ങി.

മധ്യ തിരുവിതാംകൂറിലെ നവീകരണത്തിന്റെ തുടക്കമിങ്ങനയാണ്. ഇങ്ങനെയുള്ള പ്രാർത്ഥന ഗ്രൂപ്പ്കൾ ഓർത്തഡോക്ൾസ് സഭയുടെ ഉള്ളിൽ ഒരു ബദൽ പാരമ്പര്യമായാണ് വളർന്നത്.എന്റെ അച്ചന്റ് കുടുംബവീടായ വള്ളിവിളയിൽ എന്റെ അച്ചന്റെ ഗ്രാൻഡ് ഫാദർ കോശി വർഗീസ് ആണ് 1890 മുതൽ അങ്ങനെ ഒരു സ്വതന്ത്ര്യ വേദപഠന പ്രാർത്ഥന ഗ്രൂപ്പ് തുടങ്ങിയത്. അതിനോടൊപ്പം അദ്ദേഹം ജാതി മത ഭേദമന്യേ ഒരു ലിറ്ററസി സ്കൂൾ അഥവാ സാക്ഷരത പഠന കേന്ദ്രം തുടങ്ങി. മലയാളം, ഇഗ്ളീഷ്, സംസ്കൃതമൊക്കെ അറിയാവുന്ന അദ്ദേഹം 40 വയസിനു മുമ്പ് മരിച്ചു.

1890 കളിൽ തിരുനൽവേലിയിൽ നിന്ന് വന്നു തമിഴ് ഡേവിഡ് എന്ന സുവിശേഷകൻ നടത്തിയ ഉണർവ് യോഗങ്ങളിൽ ഇങ്ങനെയുള്ള സ്വതന്ത്ര പ്രാർത്ഥനഗ്രൂപ്പുകൾ കൂടുതൽ പുതിയ നിയമ സുവിശേഷനെറ്റ്വർക്കായി. ആ പ്രക്രിയിൽ നിന്നാണ് മാരാമൺ കൺവൻഷന്റെ തുടക്കം.. ആദ്യ കൺവൻഷനിലെ പ്രധാന പ്രസംഗകൻ തമിഴ് ഡേവിഡ് ആയിരുന്നു.

188090 കളിലെ നവീകരണത്തിന്റെ ഫലമായി ഉയർന്നുവന്ന സഭയാണ് മാർത്തോമാ സഭ. അത് 19 നൂറ്റാണ്ടിന്റ് മധ്യത്തിൽ എബ്രഹാം മൽപ്പാന്റ് കാലം മുതൽ ഓർത്തഡോക്ൾസ് സഭയിലുണ്ടായ നവീകരണ ലീഗസിയുടെ ഭാഗമായിരിന്നു. മാർത്തോമാ സഭയും ബ്രതറൻ, വിവിധ പെന്തകോസ്റ്റൽ സഭകളും വളർന്നതിന്റ എപ്പിസെന്റർ തിരുവല്ല, കോഴഞ്ചേരി, ചെങ്ങനൂർ ബെൽറ്റാണ്. മാർത്തോമാ സഭ, ഇവഞ്ജലിക്കൽ സഭ, ഐ പി സി, ചർച് ഓഫ് ഗോഡ് മുതൽ നിരവധി സഭകളുടെ ആസ്ഥാനങ്ങൾ ഈ പ്രദേശത്താണ്. കൊട്ടരക്കരമുതൽ കോട്ടയം, റാന്നി വരെയുള്ള ഭാഗത്താണ് 1920 നൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭയിലെ വിവിധ നവീകരണ പ്രസ്ഥാനങ്ങൾ വളർന്നത്. പിന്നെയുള്ളത് കുന്നംകുളത്തും പരിസരത്തുമാണ്. തെക്കൻ തിരുവിതാംക്കൂറിലെ നവീകരണ പ്രസ്ഥാനങ്ങളും മധ്യ തിരുവിതാമ് കൂറിലെ നവീകരണ പ്രസ്ഥാനങ്ങളെ സ്വാധീനിച്ചു.ആദ്യം ബദൽ ആത്മീയ പ്രസ്ഥാനങ്ങളായി തുടങ്ങിയവ കാലന്തരത്തിൽ എഷ്റ്റാബ്ലിഷ്മെന്റും അധികാര കേന്ദ്രങ്ങളുമായി.

സാധു കൊച്ചു കുഞ്ഞു ഉപദേശിയും, പി വി തൊമ്മിയും, മോശവത്സലവും, നാഗൽ സായ്പും പിന്നെ കെ വി സ മണും എം ഈ ചെറിയാനും അന്നമ്മ മാമ്മനോക്കെ സരള മനോഹര മലയാളത്തിൽ എഴുതിയ ഗാനങ്ങളോക്കെ മലയാളഭാഷയുടെ നവീകരണം മാത്രമല്ല ഒരു ബദൽ ധാരയായിരുന്നു.

സത്യത്തിൽ ഭാഷ പരിണാമവും ക്രിസ്തീയ നവീകരണവും ആധുനിക വിദ്യാഭ്യാസത്തിലുള്ള ഊന്നലും മധ്യതിരുവിതാംകൂറിൽ ഇരുപതാം നൂറ്റാണ്ടിന്റ് ആദ്യദിശകങ്ങളിലുള്ള നവോഥാനത്തിന്റെ അടയാളങ്ങളാണ്.

ഈ ഭാഗത്തു നിന്നു ഉയർന്നു വന്നവരാണ് ഗാന്ധിജിയുടെ യങ് ഇന്ത്യയുടെ പത്രാധിപരും കൊണ്ഗ്രെസ്സിന്റെ ദേശീയ തലത്തിൽ നേതാവുമായ സ്വാതന്ത്ര്യ സമര സേനനി ബാരിസ്റ്റർ ജോർജ് ജോസഫ്, ഇന്ത്യയിൽ ഇഗ്ളീഷ് പത്രപവർതനത്തിന് തുടക്കം കുറിച്ച മൂന്നു ഇഗ്ളീഷ് പത്രങ്ങൾ ( നാഷണൽ ഹെരാൾഡ്, ഹിന്ദുസ്ഥാൻ ടൈംസ്, ഡാൻ ) തുടങ്ങിയ പോത്തൻ ജോസഫ് മുതൽ ഒരു പ്രഗത്ഭർ ഈ ചെറിയ ഭൂപ്രദേശത്തു നിന്ന് ഉയർന്നു വന്നു.1920 കൾ മുതൽ ഇഗ്ളീഷ് വിദ്യാഭ്യാസം സിദ്ധിക്കുകയും വിദേശത്തു കേരളത്തിൽ നിന്ന് കുടിയേറി പ്രൊഫെഷനൽ രംഗത്തു നിലയുറപ്പിച്ചതും ഈ മേഖലയിൽ നിന്നാണ്. ടൊയോട്ട സണ്ണി എന്ന പേരിൽ അറിയപ്പെട്ട മത്തുണ്ണി മാത്യുസ് കുവൈറ്റിലെ പ്രധാന സംരഭകനായി.അങ്ങനെ ഒരുപാടുപേർ ഈ പ്രദേശങ്ങളിൽ നിന്ന് വലിയ സംരഭകരുണ്ട്.

ഇങ്ങനെയുള്ള ഒരു ജ്യോഗ്രാഫിയിൽ നിന്നാണ് കെ പി യോഹന്നാൻ എന്ന സുവിശേഷകനായ ചെറുപ്പക്കാരൻ ഉയർന്നു വന്നത്. ഓരോരുത്തരും ഓരോ സാഹചര്യങ്ങളുടെ സൃഷ്ടിയാണ്. കെ പി യോഹന്നാൻ ഓപ്പറെഷൻ മൊബൈലിസേഷനിലെ നേതൃത്വ പരിശീലനത്തിലൂടെയാണ് ഇവാഞ്ചിലിസ്റ്റ് ആയത്.നവീകരണത്തിന്റെയും സുവിശേഷ ത്വരയുടെയും വിദ്യാഭ്യാസത്തിന്റ്യും പ്രവാസത്തിന്റെയുമൊക്കെ ഈറ്റില്ലമായിടത്തു നിന്നാണ് കെ പി യോഹന്നാൻ ഉയർന്നു വന്നത്.

പരിമിതമായ സാമ്പത്തിക അവസ്ഥയിൽ നിന്ന് സുവിശേഷ ത്വരയിൽ ഇറങ്ങിയ മാർത്തോമ സഭയിലെ വിശ്വാസിആയിരുന്നു കെ പി യോഹന്നാൻ.

അദ്ദേഹം സ്കൂൾ പഠനം കഴിഞ്ഞു സുവിശേഷപ്രവർത്തനത്തിനു ഇറങ്ങിയപ്പോഴും ഈ പ്രത്യേക ജ്യോഗ്രഫിയിലുള്ള നാലു ഡി എൻ എ അദ്ദേഹത്തിനു ഉണ്ടായിരുന്നു. ഒന്ന്. വിദ്യാഭ്യാസമാർജിക്കാനുള്ള ത്വര, രണ്ടു ഇഗ്ളീഷ് ഭാഷ നിപുണത. മൂന്നു. സംരഭക ത്വര, പ്രവാസത്തിലൂടെ വിജയം.

കെ പി യോഹന്നാനെ പ്രശസ്തനാക്കിയത് ഈ ജ്യോഗ്രഫിയുടെ സാമൂഹിക സാംസ്കാരിക പരിസരമാണ്. അന്നത്തെ കാലത്തു ഒരു വിദേശ വനിതയെ വിവാഹം ചെയ്തു പുതിയ ആത്മീയ യാത്രയും ഒരു തിരുവല്ല ടച്ചിന്റ് ഫലമാണ്. അവിടുത്തെ സോഷ്യോളജി അറിഞ്ഞാലേ കെ പി യോഹന്നാനെ മനസ്സിലാക്കാൻ സാധിക്കുകയുള്ളു.

1980 കളിൽ സരള മലയാള വായ്മൊഴിയിൽ സാവധാനം പ്രസംഗിക്കുന്ന കനം കുറഞ്ഞ സിംപിളായ ഒരു മനുഷ്യനെയാണ് എന്റെ ഓർമ.1984 ൽ സഹോദര കള്ള്കുടിക്കരുത് എന്നൊരു ലഹരി വിരുദ്ധ പ്രസംഗം അടൂർ ടൂരിസ്റ്റ് ഹോമിന്റ് ഗ്രൗണ്ടിൽ നടത്തുമ്പോഴാണ് അദ്ദേഹത്തെ ശ്രദ്ധിച്ചത്. ഹാഫ്കൈ വെള്ള ഷർട്ട്, ഒറ്റമുണ്ടുമൊക്കെ ഉടുത്തു വളരെ മെലിഞ്ഞ സിംപിൾ അയ ഒരു സുവിശേഷകൻ. പ്രസംഗം കഴിഞ്ഞു അദ്ദേഹം ഒരു വെള്ള ഫിയറ്റ് കാറിൽ സ്വയം ഡ്രൈവ് ചെയ്തു തിരുവല്ലക്ക് പോകുന്നത് ഓർമയുണ്ട്. അദ്ദേഹത്തെ ആദ്യമായും അവസാനമായും കണ്ടത് അടൂർ ടൂരിസ്റ്റ് ഹോം മൈതാനത്താണ്. അന്ന് അദ്ദേഹത്തിന്റ് യൂ എസ് പി വളരെ ലളിതമായി വാമൊഴിയിൽ പ്രസംഗിക്കുന്ന ജാഡ ഇല്ലാത്ത ഒരു സിംപിൾ മനുഷ്യൻ. സത്യത്തിൽ അദ്ദേഹത്തെ പ്രശസ്ഥനാക്കിയത് അദ്ദേഹം 1980 കൾ മുതൽ തുടങ്ങിയ റേഡിയോ / ടെലി ഇവാഞ്ചലിസമാണ്.. ആത്മീയ യാത്ര ഒരു ബ്രാൻഡയി വിജയിച്ചു. റേഡിയോ പോലെ ആത്മീയ യാത്ര എന്നൊരു പോപ്പുലർ മാഗസിനും ഉണ്ടായിരുന്നു.

ആദ്യം സഹോദരൻ കെ പി യോഹന്നാൻ. പിന്നെ റെവരന്റ്.കെ പി യോഹന്നാൻ പിന്നെ പാസ്റ്റർ. പിന്നെ ഡോ കെ പി യോഹന്നാൻ. അതൊക്കെ കഴിഞ്ഞു സമ്പത്തും സംരഭങ്ങളും വളർന്നപ്പോൾ അദ്ദേഹം പഴയ മാർത്തോമാ നൊസ്റ്റാൾജിയയിൽ എപ്പിസ്കോപ്പൽ സംവിധാനത്തിൽ സ്വയം ' തീരുമേനി' യായി ഹിസ് ഹോളിനെസ്സ് ആയി. ഓർത്തഡോക്ൾസ് പാരമ്പര്യത്തിൽ ഗ്രീക്ക് പേരായ അത്തനേഷ്യസ് യോഹാൻ ആയി പരിണമിച്ചു.

യഥാർത്ഥത്തിൽ എനിക്ക് ഇഷ്ട്ടമായത് ബദൽ ആത്മീക യാത്രയുമായി കേരളത്തിൽ എല്ലാം മദ്യവിരുദ്ധ പ്രവർത്തനം നടത്തിയിരുന്ന പഴയ സഹോദരൻ കെ പി യോഹന്നാനെയാണ്. കാരണം 1984 ൽ ഞാൻ കണ്ട കെ പി യോഹന്നാനു ഒരു ഗാന്ധിയൻ ടച് ഉണ്ടായിരുന്നു. അദ്ദേഹം പണ്ട് യേശു പ്രസങ്ങിച്ചത് പോലെ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയാണ് ഉപയോഗിച്ചത്. ഒരു ഗ്രാസ് റൂട്ട് ടച്ചുള്ള ബഹളമൊന്നും ഉണ്ടാകാത്ത ശാന്തനായ നിരണം കാരൻ.

അദ്ദേഹത്തിൽ കണ്ട ഒരു ഗുണം അദ്ദേഹം വളരെ കഴിവുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷൻ ബിൽഡർ ആയിരുന്നു. വിഷൻ ഉണ്ടായിരുന്നയാൾ. ഇന്ന് കേരളത്തിലെ തന്നെ മികച്ച ആശുപത്രിയാണ് ബലിവേഴ്സ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ. അതു പോലെ ബോട്ടാണിക്കൽ ഗാർഡൻ. ലോകത്തിൽ ഏതാണ്ട് മുപ്പതു രാജ്യങ്ങളിൽ സഭകൾ സ്ഥാപിച്ചു.

പക്ഷെ ഇന്നലെത്തെ ബദൽ. പിന്നെ എസ്റ്റാ ഷ്മെന്റ്. പിന്നീട് വെസ്റ്റെഡ് അധികാര സ്വരൂപങ്ങൾ.അതു പലയിടത്തും സംഭവിക്കുന്ന പരിണാമമാണ്. പഴയ കമ്മൂണിസ്റ്റ് പാർട്ടിയിൽ നിന്ന് ഇന്നത്തെ വ്യക്തി കേന്ദ്രീകൃത്യ അധികാര സ്വരൂപത്തിലെക്കുള്ള മാറ്റം

പണ്ട് ബദൽ ആയിരുന്നു ഖദർ പിന്നീട് അധികാര ചിഹ്നമായി മാറിയത് പോലെ. പഴയ ഗാന്ധി പുതിയ കറൻസിയിലെയും അധികാര ഇട നാഴികളിലെയും ചിത്രമായത് പോലെ.

അതൊക്കെയാണ് പഴയ സഹോദരൻ കെ പി യോഹന്നാനും സംഭവിച്ചത്. പഴയ ബദലുകൾ പിന്നീട് എങ്ങനെ അധികാര സ്വരൂപമാകുന്നതെന്നു.

അതാണ് പഴയ പല നവോഥാന പ്രസ്ഥാനങ്ങൾക്കും സംഭവിച്ചത്.

ഏതൊരു ഇൻസ്റ്റിറ്റ്യൂഷനും ഒരു പരിധിയിൽ കൂടുതൽ വളരുമ്പോൾ Running of the machine takes precedence of the mission.

1980 കളിലെ ബദൽ സുവിശേഷകൻ പിന്നീട് എങ്ങനെ എസ്റ്റാബ്ലിഷ്മെന്റ് ആയി നവീകരണ മിഷൻ കൈമോശം വന്നു .21 നൂറ്റാണ്ടിൽ നിന്ന് പഴയ 18 നൂറ്റാണ്ടിലെ പൌരസ്ത്യ പാരമ്പര്യത്തിൽ പോയി സ്വയം ഹിസ് ഹോളിനെസ്സ് ആയി.

പഴയ ബദൽ ആത്മീയയാത്രക്കാരൻ കെ പി യോഹന്നാനെയാണ് ഇപ്പോഴും ഓർമ്മകൾ.

അതു കൊണ്ടാണ് സാധാരണക്കാരിൽ സാധാരണക്കാരനായ സഹോദരൻ കെ പി യോഹന്നാന്റ് പടം ഇട്ടത്.

അദ്ദേഹം ഇങ്ങനെ ഇത്രയും പെട്ടന്ന് ആക്സിഡെന്റിൽ പോകുമെന്ന് കരുതിയില്ല.

പക്ഷെ അരുന്ധതി റോയ് യുടെ നോവലിൽ പറയുന്ന ഒരു വാചകമാണ് ഓർമ്മ വരുന്നത്

" Anything could happen to anyone at anypoint in time  Be prepared."

Even the most powerful person will die one day

എന്തായാലും സഹോദരൻ കെ പി യോഹന്നാൻ അദ്ദേഹത്തിന്റെ ദൗത്യം പൂർത്തിയാക്കി പോയി.

പ്രണാമം.

ആദരാഞ്ജലികൾ

## ഹരിയാനയിൽ വിശ്വാസ വോട്ടെടുപ്പ് നടത്തണമെന്ന് ജെജെപി: ഗവർണർക്ക് കത്തയച്ചു

ചണ്ഡീഗഢ്: രാഷ്ട്രീയ പ്രതിസന്ധി തുടരുന്ന ഹരിയാന നിയമസഭയിൽ വിശ്വാസ വോട്ടെടുപ്പ് നടത്തണമെന്നാവശ്യപ്പെട്ട് ഗവർണർക്ക് കത്തയച്ച് ജെജെപി അധ്യക്ഷൻ ദുഷ്യന്ത് ചൗട്ടാല. അടിയന്തരമായി വിശ്വാസ വോട്ടെടുപ്പ് നടത്താനും ഭൂരിപക്ഷം തെളിയിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നപക്ഷം സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തണമെന്നും ഗവർണർ ബന്ദാരു ദത്താത്രേയയ്ക്ക് അയച്ച കത്തിൽ ദുഷ്യന്ത് ആവശ്യപ്പെടുന്നു.

ഏഴ് സ്വതന്ത്ര എംഎൽഎമാരുടെ പിന്തുണയോടെയാണ് സംസ്ഥാനത്ത് ബിജെപി സർക്കാർ ഭരണം നിലനിർത്തിയത്. എന്നാൽ ഇതിൽനിന്ന് മൂന്നു പേർ കോൺഗ്രസിൽ ചേർന്നതോടെ നയാബ് സിംഗ് സൈനി സർക്കാരിൻറെ നിലനിൽപ്പ് പ്രതിസന്ധിയിലായിരിക്കുകയാണ്. എംഎൽഎമാരായ സോംബീർ സാംഗ്വാൻ, രൺധീർ സിംഗ് ഗൊല്ലെൻ, ധരംപാൽ ഗോണ്ടർ എന്നിവരാണ് ബിജെപി. സർക്കാരിനുള്ള പിൻവലിച്ച് കോൺഗ്രസ് പാളയത്തിലെത്തിയത്.

ബിജെപി ഒഴികെ മറ്റേതൊരു പാർട്ടി സർക്കാർ രൂപീകരിക്കാൻ ശ്രമിച്ചാലും ജെജെപി പിന്തുണയ്ക്കുമെന്ന് ദുഷ്യന്ത് ചൗട്ടാല വ്യക്തമാക്കിയിരുന്നു. അതേസമയം, രാഷ്ട്രീയ പ്രതിസന്ധിക്കിടെ കോൺഗ്രസ് ഗവർണറെ കാണാൻ സമയം തേടിയിട്ടുണ്ട്.

2019 ലെ ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിന് പിന്നാലെ ജെജെപിയുമായി ചേർന്നാണ് ബിജെപി സർക്കാർ രൂപവത്കരിക്കുന്നത്. അന്നത്തെ മനോഹർലാൽ ഖട്ടർ മന്ത്രിസഭയിൽ ഉപമുഖ്യമന്ത്രിയായിരുന്നു ദുഷ്യന്ത്. 2024 മാർച്ചിലാണ് ബിജെപിജെജെപി സഖ്യം പിരിയുന്നത്.

## യാത്രക്കാരെ വലച്ച കൂട്ടയവധി: സമരം ചെയ്ത ജീവനക്കാരെ പിരിച്ചുവിട്ട് എയർ ഇന്ത്യ എക്സ്പ്രസ്

ന്യൂഡൽഹി: യാതൊരു മുന്നറിയിപ്പുമില്ലാതെ സമരം ചെയ്ത് ജീവനക്കാരെ പിരിച്ചുവിട്ടു എയർ ഇന്ത്യ എക്സ്പ്രസ്. ചൊവ്വാഴ്ചയ്ക്കും ബുധനാഴ്ചയ്ക്കുമിടയിൽ അസുഖ അവധിയെടുത്ത 25 കാബിൻ ക്രൂ അംഗങ്ങളെ കമ്പനി പിരിച്ചുവിട്ടതായാണ് റിപ്പോർട്ടുകൾ. അപ്രതീക്ഷിത അവധിയെടുത്തത് ബോധപൂർവമാണെന്ന് മാനേജ്മെൻറ് വ്യക്തമാക്കി. കാബിൻ ക്രൂ അംഗത്തിന് നൽകിയ കത്തിലാണ് ഇക്കാര്യം പറയുന്നത്. കൂടുതൽ ജീവനക്കാർക്കെതിരെ നടപടിയുണ്ടാകുമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ.

ഒരു ന്യായവുമില്ലാതെ, മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ ഉദ്യോഗസ്ഥർ ജോലിയിൽ നിന്നും വിട്ടുനിന്നുവെന്നാണ് കത്തിൽ കമ്പനി പറയുന്നത്. ഇതിൻറെ ഫലമായി ധാരാളം വിമാനങ്ങൾ റദ്ദാക്കേണ്ടി വന്നു. നടപടി കമ്പനിയുടെ ഏറ്റവും വിലപ്പെട്ട യാത്രക്കാർക്ക് വലിയ അസൗകര്യം സൃഷ്ടിച്ചു. ഇവരുടെ പ്രവൃത്തി പൊതുതാത്പര്യത്തിനെതിരായിരുന്നു എന്നുമാത്രമല്ല കമ്പനിക്ക് നാണക്കേടുണ്ടാക്കുകയും ധനനഷ്ടം വരുത്തിവയ്ക്കുകയും ചെയ്തെന്നും കത്തിൽ പറയുന്നു.

അസുഖം ബാധിച്ചുവെന്ന് ചൂണ്ടിക്കാട്ടിയുള്ള കൂട്ടയവധി വിമാനസർവീസുകൾ റദ്ദാക്കുന്നതിന് വേണ്ടിയുള്ള ആസൂത്രിതമായ നീക്കമായാണ് മനസിലാക്കുന്നതെന്നും ഇത് എയർ ഇന്ത്യ എക്സ്പ്രസ് ലിമിറ്റഡ് എംപ്ലോയീസ് സർവീസ് റൂളുകൾ ലംഘിക്കുന്ന നടപടിയാണെന്നും കത്തിൽ ചൂണ്ടിക്കാട്ടി.

അതേസമയം എയർ ഇന്ത്യ ജീവനക്കാരുമായുള്ള തർക്കത്തിൽ മാനേജ്മെൻറിനെ ലേബർ കമ്മിഷണർ രൂക്ഷമായി വിമർശിച്ചതിൻറെ വിശദാംശങ്ങൾ പുറത്തുവന്നു. തൊഴിൽ നിയമത്തിൻറെ ലംഘനം നടന്നു എന്നാണ് ഡൽഹി റീജണൽ ലേബർ കമ്മിഷണറുടെ വിമർശനം.

## കാരക്കോണം മെഡിക്കൽക്കോഴ: ഇഡി കുറ്റപത്രം നൽകി

കൊച്ചി: സിഎസ്ഐ ദക്ഷിണ മഹാ ടവകയുടെ ഉടമസ്ഥതയിലുള്ള കാരക്കോണം മെഡിക്കൽ കോഴക്കേസിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി )കുറ്റപത്രം സമർപ്പിച്ചു. സിഎസ്ഐ സഭാ മുൻ മോ!ഡറേറ്റർ ബിഷപ് ധർമ്മരാജ് റസാലം അടക്കം നാലു പേരെ പ്രതികളാക്കിക്കൊണ്ടാണ് ഇഇറ്റപത്രം. സോമർവെൽ മെമ്മോറിയൽ സിഎസ്ഐ മെഡിക്കൽ കോളജ് ആണ് ഒന്നാം പ്രതി. ബിഷപ് ധർമ്മരാജ് റസാലത്തിന് പുറമെ, കോളേജ് ഡയറക്ടർ ഡോ. ബെന്നറ്റ് ഏബ്രഹാം, സഭാ മുൻ സെക്രട്ടറി ടി ടി പ്രവീൺ എന്നിവരും പ്രതികളാണ്. മെഡിക്കൽ പ്രവേശനത്തിനായി കോഴവാങ്ങിയെന്നും വിദേശനാണയ ചട്ടങ്ങൾ ലംഘിച്ച് കള്ളപ്പണം വെളുപ്പിച്ചതടക്കമുള്ള കേസുകളിലാണ് ഇഡി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്. ഇഡി അന്വേഷണം നേരിട്ടിരുന്ന കാലത്ത് കാലത്ത് ധർമ്മരാജ് റസാലം യുകെയിലേക്ക് കടക്കാൻ ശ്രമിച്ചെങ്കിലും തിരുവനന്തപുരം വിമാനത്താവളത്തിൽ വെച്ച് എമിഗ്രേഷൻ അധികൃതർ ഇദ്ദേഹത്തെ തിരിച്ചയച്ചിരുന്നു. അന്തരിച്ച മുൻ മന്ത്രി വി ജെ തങ്കപ്പന്റെ മകൻ വി ടി മോഹനൻ, തലവരി പണം സംബന്ധിച്ച് നൽകിയ പരാതിയിൽ വെള്ളറട പൊലീസാണ് ആദ്യം കേസ് രജിസ്റ്റർ ചെയ്തത്. ഇതിന്റെ ചുവടുപിടിച്ചാണ് ഇഡി അന്വേഷണം ആരംഭിച്ചത്. കേസ് നേരത്തെ ക്രൈംബ്രാഞ്ച് അന്വേഷിച്ചിരുന്നു.

## ഗരുഡൻ പറവ കലാകാരന്മാരുടെ സംഗമം ഗരുഡായനം 12ന്

കൊച്ചി: മധ്യ കേരളത്തിൽ പ്രചാരമുള്ള അനുഷ്ഠാന കലാരൂപമായ ഗരുഡൻ പറവയുടെ പ്രചരണാർത്ഥം ഗരുഡായനം എന്ന പേരിൽ മുന്നൂറോളം കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് സംഗമം സംഘടിപ്പിക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 12ന് വൈകീട്ട് അഞ്ചിന് അരയൻകാവ് ക്ഷേത്ര മൈതാനിയിൽ വെച്ച് നടക്കുന്ന പരിപാടിയിലൂടെ ബെസ്റ്റ് ഓഫ് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് ആണ് ലക്ഷ്യമിടുന്നത്. പ്രമുഖരായ ഗരുഡൻതൂക്ക കലാകാരന്മാർക്കൊപ്പം നൂറോളം വാദ്യക്കാരും ചമയക്കാരും പങ്കെടുക്കും. ചരിത്രത്തിലാദ്യമായാണ് നൂറുകണക്കിന് ഗരുഡൻതൂക്ക കലാകാരന്മാർ ഒരുമിച്ച് ഒത്തുചേരുന്നത്. പരിപാടിയിൽ ബെസ്റ്റ് ഓഫ് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് പ്രതിനിധികളും പങ്കെടുക്കും. പുതുവാമന ദേവസ്വം ട്രസ്റ്റ് ചെയർമാൻ പി വി നാരായണൻ നമ്പൂതിരിപ്പാട് തിരിതെളിയിക്കും. പരിപാടിയുടെ ഉദ്ഘാടനം പിറവം എംഎൽഎ അനൂപ് ജേക്കബ് നിർവഹിക്കും. കേരള ഫോക് ലോർ അക്കാദമി ചെയർമാൻ ഒ എസ് ഉണ്ണികൃഷ്ണൻ മുഖ്യാതിഥിയായി പങ്കെടുക്കും. കേരള ഫോക് ലോർ അക്കാദമി സെക്രട്ടറി എ വി അജയകുമാർ ആശംസ നേർന്ന് സംസാരിക്കും. വാർത്താ സമ്മേളനത്തിൽ ബിജു കൂട്ടം, പ്രശാന്ത് പങ്കജൻ, പി കെ ശശി, ജയകുമാർ എന്നിവർ പങ്കെടുത്തു.

## പിഎസ്സി ആൾമാറാട്ടം: കോടതി നേരിട്ട് കേസെടുത്തു

കോട്ടയം: ആൾമാറാട്ടം നടത്തി പിഎസ്!സി റാങ്ക് ലിസ്റ്റിൽ നിന്നും യഥാർത്ഥ ഉദ്യോഗാർത്ഥിയെ ഒഴിവാക്കാൻ ശ്രമിച്ച യുവതിക്കെതിരെ നേരിട്ട് കേസെടുത്ത് കോടതി. കേരള പബ്ലിക് സർവീസ് കമ്മിഷൻ പ്രസിദ്ധീകരിച്ച കോട്ടയം ജില്ലയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അസിസ്റ്റൻഡ് സെയിൽസ്മാൻ തസ്തികയിലെ റാങ്ക് ലിസ്റ്റിലെ 233 ാം നമ്പർ ഉദ്യോഗാർത്ഥി താനാണന്ന് അവകാശപ്പെട്ടുകൊണ്ട് പിഎസ്സിയേയും യഥാർത്ഥ റാങ്കുകാരിയായ ഉദ്യോർത്ഥിയേയും വഞ്ചിക്കുവാൻ ശ്രമിച്ച കൊല്ലം മൈനാഗപ്പള്ളി തോട്ടുമുഖം തോട്ടുകരവിള തെക്കേതിൽ വീട്ടിൽ ശ്രീജക്കെതിരെയാണ് കോട്ടയം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് വിവീജ സേതുമാധവൻ കേസെടുത്തത്. ഐപിസി 419, 420, 423, 468, 471 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

പരീക്ഷയിൽ ഉദ്യോഗാർത്ഥിയേ അല്ലാതിരുന്ന ശ്രീജ, വ്യാജ രജിസ്റ്റർ നമ്പറും റാങ്ക് ജേതാവിന്റെ രേഖകളും വ്യാജമായി ചമയ്ക്കുകയും പിഎസ്സിയിൽ സമർപ്പിച്ച് യഥാർത്ഥ റാങ്കുകാരിയെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിക്കുകയും ചെയ്തിരുന്നു. യഥാർത്ഥ റാങ്കുകാരിയുടെ പരാതിയെത്തുടർന്ന് പിഎസ്സി കോട്ടയം ഈസ്റ്റ് പൊലീസിൽ പരാതി നൽകുകയായിരുന്നു. പൊലീസ് പ്രതിക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും വിശദമായ അന്വേഷണം നടത്തുകയും ചെയ്തെങ്കിലും കേസ് എഴുതിത്തള്ളി.

തുടർന്ന് കോട്ടയം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ അഡ്വ. പി രാജീവ് മുഖേനെ സ്വകാര്യ അന്യായം നൽകിയതിനെ തുടർന്നാണ് കോടതി പ്രതിക്കെതിരെ കേസ് എടുത്തത്.